www.malankaralibrary.com

# ഓർത്തഡോക്സ് സഭയും പുനരൈക്യവും

ജെ. വലിയകണ്ടം

എസ്. എച്ച്. ലീഗ്

www.malankaralibrary.com

(കവർ മൂന്നാംപേജിന്റെ തുടർച്ച)

## പ്രത്യാശയോടെ കാത്തിരിക്കാം

വളരെയേറെ ആശയ്ക്കു വകനല്കുന്ന പുതിയൊരു ദൈവശാസ്ത്രം ഓർത്തഡോക്സ് സഭയിൽ അടുത്ത കാലത്തു വികസിച്ചുവരുന്നുണ്ടു്. പരമ്പരാഗതമായ കത്തോലിക്കാദൈവശാസ്ത്രത്തോടു പൊരുത്തമുള്ള ഈ ദൈവവിജ്ഞാനീയം കൂടുതൽകൂടുതൽ സ്വാധീനശക്തി ചെലുത്തിവരികയാണു്. സഭയുടെ ഘടനയേയും കൗൺസിലിന്റെ അപ്രമാദിതത്തെയും ഇതിൽ ധൈര്യസമേതം സമർത്ഥിച്ചിരിക്കുന്നു. ഇതിൽനിന്നു, പാരമ്പര്യത്തോടുള്ള വിശ്വസ്തത വിജയിക്കുകയും ചെയ്യും. ക്രൈസ്തവസഭാവിഭാഗങ്ങളുടെയിടയിൽ പുനരൈക്യത്തിന്റെയാവശ്യകത അനുദിനം അനുഭവപ്പെട്ടുവരികയാണല്ലോ. അകന്നുനില്ക്കുന്ന ക്രൈസ്തവസഹോദരങ്ങളെല്ലാം അടുത്തുവരുവാൻ തിരുസ്സഭ മാടിവിളിക്കുകയും ചെയ്യുന്നു. "ദൈവം തിരുമനസ്സായാൽ നമ്മിൽനിന്നു് ഇപ്പോൾ വേർപെട്ടുകഴിയുന്ന ക്രൈസ്തവസഹോദരങ്ങളുമായി ഒന്നിക്കാൻ അധികം വിദൂരമല്ലാത്ത ഭാവിയിൽ സാധിക്കുമെന്നു നാം പ്രതീക്ഷിക്കുന്നു. ആലയുടെ വാതിൽ ഇതാ ആടുകൾക്കായി തുറന്നിട്ടിരിക്കുന്നു". (പ. പിതാവു് പോൾ VI)

---

**Nihil obstat:**

FR MICHAEL ANGELUS, O. C. D.,
*Rector, Pontifical Seminary,*
*Alwaye, 1—1—1965.*

**Imprimatur:**

† JOSEPH ATTIPETTY,
*Archbiskop of Verapoly.*

† JOSEPH PARECATTIL,
*Archbishop of Ernakulam.*

*Ernakulam, 10—1—1965.*

---

**Edited by Rev. Fr Victor, O. C. D.**
**Printed by Br C. F. Joseph at the J. M. Press, Alwaye and published by him, for the S. H. League, at the St. Joseph's Seminary, Alwaye-3, [S. India].**

www.malankaralibrary.com

# എസ്. എച്ച്. ലീഗ്

*Annual Subscription Re. 1*
*Single Copy 20 ps.*

പുസ്തകം 46 ജനുവരി 1965 ലക്കം 1

ആനുകാലികവിഷയങ്ങളെ
അധുനാതനരീതിയിൽ വിശകലനം ചെയ്യുന്ന
ഒരു പ്രസിദ്ധീകരണം

**(Established in 1920)**

*Published from the*

Sacred Heart League,

**ALWAYE-3,**

**KERALA.**

www.malankaralibrary.com

## About the 'S. H. League'

*The 'S. H. League' is a doctrinal peiodical in Malayalam published from St. Joseph's Pontifical Seminary, Alwaye. Each issue is a scholarly exposition of a single subject, by one who has made special studies in the matter. The subjects selected are of various interests: mostly socio-religious and theologico-philosophical. The 'S. H. League' has only six issues a year. They come out every two months, alternating with 'Preshitakeralam', the only vocation-magazine in India. The annual subcription for the 'S. H. League' (one rupee) is payable in advance.*

*N. B. Subscribers, kindly notify your Reg. No. in all communications.*

*Order from The Secretary, S. H. League, Alwaye-3.*

## About this issue

*The recent meeting between Patriarch Athanagoras and Pope Paul is a pledge that the union between the Greek Orthodox church and the Catholic is not a distant goal. The former has shown this sense of unity in "enotis", which is a unity of spirit in practical matters such as charity and social work. This enotis is the first step towards "enosis" which is a dogmatic unity in faith and organization. Now it is up to the Catholics to learn more about this Oriental Orthodox church. Here a student of theology who is greatly interested in Oriental churches describes the origin, nature and organization of the Orthodox church. He also describes the salient points of difference between the two churches. The pamphlet ends on a note of great expectations for unity.*

# പൗരസ്ത്യ ഓർത്തഡോക്സ് സഭയും

# ക്രൈസ്തവപുനരൈക്യവും

[സഭ ഒരു നവീനാദ്ധ്യായത്തിലേയ്ക്കു കാലൂന്നിയിരിക്കയാണ്. ക്രൈസ്തവലോകത്താകെ സഭൈക്യത്തിനായുള്ള അഭിവാഞ്ഛ ഉയിർകൊണ്ടുകഴിഞ്ഞു. സഭൈക്യത്തിനായുള്ള സെക്രട്ടേറിയററുസ്ഥാപനം, പോൾമാർപ്പാപ്പയും അത്തനാഗോറസ് പാത്രിയർക്കീസുമായി നടത്തിയ കൂടിക്കാഴ്ച, തദുപരി പരസ്പരധാരണയോടും സൗഹാർദ്ദത്തോടുംകൂടെയുള്ള സമ്പർക്കംപുലർത്തൽ, എല്ലാമെല്ലാം ശുഭോദർക്കങ്ങളാണ്. വിവിധസഭാപ്രതിനിധികൾ സമ്മേളിച്ച് തങ്ങളുടെ സഭകളിലെ വിശ്വാസാചാരാനുഷ്ഠാനങ്ങളെപ്പററി സംസാരിക്കുക കേരളത്തിൽപ്പോലും സാധാരണസംഭവമായിരിക്കുന്നു. ഇങ്ങനെയുള്ള 'എക്യുമെനിക്കൽയുഗത്തിൽ' ജീവിക്കുന്ന നമുക്ക്, പൗരസ്ത്യസഭകളെ അനൈക്യത്തിലേയ്ക്കു നയിച്ച കാരണങ്ങളും ആ സഭകളുടെ ഭരണക്രമങ്ങളും ആചാരങ്ങളും അറിഞ്ഞിരിക്കുക ആവശ്യകമാണ്. അതിനു വളരെയേറെ ഉപകരിക്കും, പൗരസ്ത്യഓർത്തഡോക്സ് സഭയെപ്പററി വസ്തുനിഷ്ഠമായും ലളിതമായും യഥാക്രമമായും പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം. പ.]

1962 ഒക്ടോബർ എട്ടാം തീയതി. മഹത്തായ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഉൽഘാടനത്തിനു് ഇനി മൂന്നു ദിവസമേ ഉള്ളൂ. പുനരൈക്യസെക്രട്ടേറിയററിന്റെ അദ്ധ്യക്ഷനായ കർദ്ദിനാൾ അഗസ്റ്റിൻ ബെയാ തിരക്കിട്ടു ജോലിചെയ്യുകയാണ്. അതാ ഒരു ടെലഗ്രാംസന്ദേശം. കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽപാത്രിയർക്കീസായ അത്തനാഗോറസിന്റേതാണതു്. രണ്ടാം വത്തിക്കാൻസൂനഹദോസിൽ നിരീക്ഷകരായി സംബന്ധിക്കാനുള്ള വത്തിക്കാ

www.malankaralibrary.com


ന്റെ ക്ഷണം സ്വീകരിക്കാൻ പൗരസ്ത്യഓർത്തഡോക്സ് സഭകൾക്കു സാധിക്കുകയില്ലെന്ന് അദ്ദേഹം വ്യസനപൂർവ്വം അറിയിക്കുന്നു.

ഒക്ടോബർ പതിനൊന്നാം തീയതി വൈകുന്നേരം—സൂനഹദോസ് ആഘോഷപൂർവ്വം ഉൽഘാടനംചെയ്ത അതേ ദിവസം—കർദ്ദിനാൾ ബെയായ്ക്കു് അപ്രതീക്ഷിതമായി മറ്റൊരു ടെലഗ്രാംസന്ദേശം ലഭിച്ചു. ഇപ്രാവശ്യത്തെ ടെലഗ്രാം മോസ്ക്കോയിൽനിന്നാണ്. റഷ്യൻഓർത്തഡോക്സ്സഭയുടെ പാത്രിയർക്കീസായ അലക്സിസിന്റെ നാമത്തിൽ അദ്ദേഹത്തിന്റെ വിദേശകാര്യസെക്രട്ടറിയായ ആർച്ചുബിഷപ്പ് നിക്കോഡിം അയച്ച സന്ദേശമാണത്. രണ്ടു റഷ്യൻനിരീക്ഷകന്മാർ സൂനഹദോസിൽ സംബന്ധിക്കുമെന്നതാണ് അതിലെ ഉള്ളടക്കം.

എക്യുമേനിക്കൽ പാത്രിയർക്കീസിന്റെ തീരുമാനത്തിനെതിരായി റഷ്യയിലെ സാമന്തപാത്രിയർക്കീസ് വത്തിക്കാനിലേയ്ക്കു പ്രതിനിധികളെ അയച്ചതു് ഓർത്തഡോക്സ് ലോകത്തെ തെല്ലൊന്നു ക്ഷോഭിപ്പിച്ചു. ഈസ്റ്റാമ്പൂളിലേയും ഏഥൻസിലേയും ഗണനീയന്മാരായ ചില സഭാനേതാക്കന്മാർ പറഞ്ഞു, റോം രഹസ്യമായി മോസ്ക്കോയെ വശീകരിച്ചെന്നു്.

രണ്ടാം വത്തിക്കാൻസൂനഹദോസിന്റെ രണ്ടു സമ്മേളനങ്ങൾ കഴിഞ്ഞിട്ടും കോൺസ്റ്റാൻറിനോപ്പിൾ, ഗ്രീസ് തുടങ്ങിയ പൗരസ്ത്യഓർത്തഡോക്സ് സഭകൾ നിരീക്ഷകരെ അയയ്ക്കാൻ സമ്മതിച്ചില്ല. കത്തോലിക്കസഭയുമായി വിശ്വാസത്തിലും ആചാരാനുഷ്ഠാനങ്ങളിലും വളരെയധികം വൈരുദ്ധ്യമുള്ള പ്രോട്ടെസ്റ്റന്റുസഭകൾപോലും സൂനഹദോസിലേയ്ക്കു നിരീക്ഷകരെ നിയോഗിച്ചപ്പോൾ കത്തോലിക്കസഭയുടെ കാതലായ വിശ്വാസംതന്നെ കാര്യമായ വ്യത്യാസമൊന്നുംകൂടാതെ പരിരക്ഷിച്ചുപോരുന്ന ഓർത്തഡോക്സ്

www.malankaralibrary.com



സഭകൾ സൂനഹദോസിനോടു നിസ്സഹകരണം ഭാവിച്ചതു പല സഭാനേതാക്കന്മാരേയും അത്ഭുതപ്പെടുത്തി.

എന്നാൽ, പോൾമാർപ്പാപ്പായുടെ യരുശലംസന്ദർശനം പൗരസ്ത്യഓർത്തഡോക്സ്സഭയുടെ കാഴ്ചപ്പാടിൽ പരിവർത്തനംവരുത്താൻപോരുന്നതായിരുന്നു. 1964 ജനുവരി അഞ്ചും ആറും തീയതികൾ ക്രൈസ്തവസഭാചരിത്രത്തിലെ അവിസ്മരണീയദിനങ്ങളാണ്. ആ ദിവസങ്ങളിലാണ് അമ്പത്തേഴുകോടി കത്തോലിക്കരുടെ പരമാദ്ധ്യക്ഷനും, പതിനേഴുകോടി ഓർത്തഡോക്സ്കാരുടെ (1) എക്യൂമെനിക്കൽ പാത്രിയർക്കീസുംകൂടി യരുശലമിൽവച്ചു പുനരൈക്യാഭിലാഷം പ്രകടിപ്പിച്ചതു്. രണ്ടായിരത്തോളം വർഷങ്ങൾക്കുമുമ്പു ക്രിസ്തുനാഥൻ അന്ത്യഭോജനവേളയിൽ തന്റെ അനുഗാമികളുടെ ഐക്യത്തിനുവേണ്ടി പരമപിതാവിനോടു പ്രാർത്ഥിച്ച അതേ യരുശലത്തുവച്ചു് അതേ പ്രാർത്ഥനതന്നെ ആവർത്തിച്ചുകൊണ്ടു്, അനൈക്യത്തിൽ കഴിയുന്ന രണ്ടു സഭകളുടെ തലവന്മാർ പരസ്പരം ആലിംഗനബദ്ധരായ ആ മഹാസംഭവം, വിഘടിച്ചുനില്ക്കുന്ന ക്രൈസ്തവലോകത്തിലാകമാനം പുനരൈക്യത്തിനുവേണ്ടി അടക്കാനാവാത്ത ഒരഭിനിവേശം അങ്കുരിപ്പിച്ചു. യരുശലം, അലക്സാൻഡ്രിയ തുടങ്ങിയ സഭകളുടെ പാത്രിയർക്കീസുമാർ മാർപ്പാപ്പായുടെ പുനരൈക്യാഹ്വാനത്തെ അങ്ങേയററം ആഹ്ലാദത്തോടെയാണു

---

(1) ഓർത്തഡോക്സ് ജനതയുടെ കൃത്യമായ ജനസംഖ്യയെടുക്കുക സാദ്ധ്യമല്ല. കമ്മ്യൂണിസ്ററരാജ്യങ്ങളിൽ മതാടിസ്ഥാനത്തിലൊരു കണക്കെടുക്കാൻ ഗവണ്മെൻറു സമ്മതിക്കുകയില്ല. 1959-ലെ ഒരു കണക്കനുസരിച്ചു ലോകത്തിൽ ആകെ 169,157,000 ഓർത്തഡോക്സ്കാരുണ്ടു്.

cfr. ITALO VOLPO, *Fratelli Separati*, Assisi, Edizioni pro Civitate Christiana, 1960.

www.malankaralibrary.com


സ്വാഗതംചെയ്തതു്. എന്നാൽ, ഗ്രീസിലെ സഭയ്ക്കു പുനരൈക്യം ഒരു പേടിസ്വപ്നംപോലെയാണു് അനുഭവപ്പെട്ടതു്. വത്തിക്കാൻസൂനഹദോസിന്റെ മൂന്നാം സമ്മേളനത്തിലേയ്ക്കു നിരീക്ഷകരെ അയക്കാൻ എക്യുമേനിക്കൽപാത്രിയർക്കീസു ചെയ്ത തീരുമാനം ആഥൻസുപാത്രിയർക്കീസിനു രസിച്ചില്ല. മാർപ്പാപ്പായെ സന്ദർശിക്കാൻ അത്തനാഗോറസ്പാത്രിയർക്കീസ് യരുശലത്തേയ്ക്കു പോയതിനേയും അദ്ദേഹം എതിർത്തു. എന്നാൽ, അദ്ദേഹത്തിന്റെ മനസ്സും മാറിവരുന്നതായിവേണം അനന്തരസംഭവത്തിൽനിന്നു മനസ്സിലാക്കാൻ.

1964 ഒക്ടോബർമാസത്തിൽ വി. അന്ത്രയോസിന്റെ തിരുശ്ശിരസ്സ തിരിച്ചുകൊടുക്കാൻ മാർപ്പാപ്പ നിയോഗിച്ചയച്ച കർദ്ദിനാൾ ബെയാ ഗ്രീസിലെത്തിയപ്പോൾ, ഗ്രീക്കജനത അദ്ദേഹത്തിനു നല്കിയ സ്വീകരണം ഏററം സൗഹാർദ്ദപൂർണ്ണവും സാഹോദര്യനിർഭരവുമായിരുന്നു. ഗ്രീക്കസഭയുടെ പാത്രിയർക്കീസായ ക്രിസോസ്തോമസ്, ഗ്രീക്ക പ്രധാനമന്ത്രിയായ ജോർജ്ജ് പപ്പൻഡ്രോവ്, ഗ്രീസിന്റെ കിരീടാവകാശിനിയായ ഐറീൻരാജകുമാരി എന്നിവർ കർദ്ദിനാളിനെ സ്വീകരിച്ചു സംഭാഷണം നടത്തി. ഗ്രീക്കജനതയ്ക്കു കത്തോലിക്കസഭയെപ്പററി നല്ലൊരു മതിപ്പുണ്ടാക്കാൻ ഈ സന്ദർശനം കാരണമായി.

ക്രൈസ്തവപുനരൈക്യത്തിനുള്ള മാർഗ്ഗങ്ങളെപ്പററി ആരായുവാൻ പൗരസ്ത്യഓർത്തഡോക്സ്സഭ ഉദ്യുക്തമായിക്കഴിഞ്ഞു. വിവിധഓർത്തഡോക്സ്സഭകളുടെ നേതാക്കന്മാരെല്ലാവരും അത്തനാഗോറസ്പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ കൂടിയാലോചനകൾ നടത്തിക്കൊണ്ടിരിക്കയാണു്. അഖിലഓർത്തഡോക്സ്കോൺഫറൻസിന്റെ മൂന്നാംസമ്മേളനം 1964 നവമ്പർ ഒന്നാം തീയതി റോഡ്സിൽ ആരംഭിച്ചു. ഈ കോൺഫറൻസ് പുനരൈക്യപരിശ്രമത്തിനു

ഗണ്യമായ സംഭാവനകൾ നല്കുമെന്നുവേണം പ്രതീക്ഷിക്കാൻ.

പുനരൈക്യത്തിന്റെ പാതയിൽ ഓർത്തഡോക്സ് സഭയും കത്തോലിക്കാസഭയും പരസ്പരം അറിഞ്ഞുതുടങ്ങുകയാണെന്ന പരമാർത്ഥത്തിലേയ്ക്കാണ് ഈ സംഭവങ്ങൾ വിരൽചൂണ്ടുക. പ്രതീക്ഷാനിർഭരമായ കാലഘട്ടമാണിത്. പുനരൈക്യത്തിന്റെ അരുണോദയത്തിനു ദൃക്സാക്ഷികളാവാൻ നമ്മുടെ തലമുറയ്ക്കു ഭാഗ്യം സിദ്ധിക്കുമെന്നു തോന്നുന്നു. അങ്ങനെയെങ്കിൽ, ആ അരുണോദയാഭയിൽ ആദ്യം വിടരുന്ന കുസുമമായിരിക്കും, കത്തോലിക്കാസഭയും ഓർത്തഡോക്സ് സഭയും കൂടി ഒന്നുചേർന്ന ഐക്യസഭ. എന്നാൽ, അതിനുമുമ്പ്, ഓരോ ഓർത്തഡോക്സ്കാരനും കത്തോലിക്കാസഭയെപ്പറ്റിയെന്നതുപോലെ, ഓരോ കത്തോലിക്കനും ഓർത്തഡോക്സ് സഭയെപ്പറ്റി വിശദമല്ലെങ്കിലും വികലമല്ലാത്ത ജ്ഞാനം സമ്പാദിച്ചിരിക്കുക ആവശ്യമാണ്. സഭാനേതാക്കന്മാർമാത്രം പുനരൈക്യമഭിലഷിച്ചാൽപോരാ; ഓരോ സഭാംഗവും പുനരൈക്യത്തെ ആവേശപൂർവ്വം സ്വാഗതം ചെയ്യണം. അതാണീലഘുഗ്രന്ഥത്തിന്റെ പ്രമേയം.

## ഓർത്തഡോക്സ് സഭ (*)

ഗ്രീക്ക് ഓർത്തഡോക്സ് സഭ, പൗരസ്ത്യഓർത്തഡോക്സ് സഭ തുടങ്ങിയ പേരുകളിലാണ്, ഇന്നു ലോകംമുഴ

---

(*) ഓർത്തഡോക്സ് സഭയെന്നു കേൾക്കുമ്പോൾ സാധാരണക്കാർ മനസ്സിലാക്കുക മലങ്കരഓർത്തഡോക്സ് സഭയെന്നായിരിക്കും. 1964 ഡിസംബർ മൂന്നാംതീയതി പരിശുദ്ധകാതോലിക്കാബാവാ പോൾ മാർപ്പാപ്പയെക്കണ്ടു സംഭാഷണം നടത്തിയതിനുശേഷം സാധാരണജനങ്ങളിൽ മലങ്കര ഓർത്തഡോക്സ് സഭയെപ്പറ്റി കൂടുതലായറിയാൻ

www.malankaralibrary.com


വൻ വ്യാപിച്ചിരിക്കുന്ന ഓർത്തഡോക്സ്സഭ സാധാരണമായി അറിയപ്പെടുക. ഓർത്തഡോക്സ് എന്ന വാക്കിൻെറ അർത്ഥം യഥാർത്ഥമായ അദ്ധ്യാപനം എന്നാകുന്നു (Ortho-doxia=true teaching) (2). ഈ പേരിൻെറ പിന്നിലൊരു ചരിത്രമുണ്ട്. ക്രിസ്താബ്ദം 451-ൽ നടന്ന കൽക്കദോനിയ (Chalcedon) സൂനഹദോസ് ഏകസ്വഭാവവാദം അബദ്ധമാണെന്നു പ്രഖ്യാപിക്കുകയും ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്ന തത്വം സ്ഥിരപ്പെടുത്തുകയും ചെയ്തു. സൂനഹദോസ്നിശ്ചയങ്ങളെ അംഗീകരിച്ച പൗരസ്ത്യക്രൈസ്തവർക്കു നിർബ്ബന്ധമുണ്ടായിരുന്നു, യഥാർത്ഥവിശ്വാസികളായ തങ്ങൾ പ്രത്യേകം തിരിച്ചറിയപ്പെടണമെന്ന്. അതുകൊണ്ട്, അവർ സ്വയം അഭിസംബോധനംചെയ്തുതുടങ്ങി, ഓർത്തഡോക്സ്കാർ എന്ന്. ഇങ്ങനെയാണ് ഓർത്തഡോക്സ് ജനത ചരിത്രത്തിലാദ്യമായി പ്രത്യക്ഷപ്പെട്ടത്. പാശ്ചാത്യരാജ്യങ്ങളിലാകട്ടെ, ഏകസ്വഭാവവാദം പ്രചരിച്ചിരുന്നില്ല. അതുകൊണ്ട്, പ്രത്യേകപേരൊന്നും സ്വീകരിക്കാതെ കേവലം കത്തോലിക്കരെന്ന പുരാതനമായ പേരിൽത്തന്നെ പാശ്ചാത്യക്രൈസ്തവർ അറിയപ്പെട്ടുപോന്നു. ഓർത്തഡോക്സ് ജനത ക്രൈസ്തൈക്യത്തിൽനിന്നു വേർപെട്ടുപോയതു പിന്നെയും അറുനൂറിൽപ്പരം വർഷങ്ങൾ കഴിഞ്ഞശേഷമാണ്. അതുവരെ എല്ലാവരും ഏകതലവൻെറ കീഴിൽ ഒന്നായിക്ക

---

ഒരഭിനിവേശം വർദ്ധിച്ചിട്ടുമുണ്ട്. പക്ഷേ, സ്ഥലപരിമിതിനിമിത്തം ആ സഭയെപ്പററി എന്തെങ്കിലും പറയാൻ ഇവിടെ സാധിക്കുന്നില്ല. കത്തോലിക്കഗ്രന്ഥങ്ങളിൽ, ഫാ. ഇഞ്ചെയ്ക്കലോടിയുടെ "കേരളത്തിലെ ക്രൈസ്തവസഭകൾ" എന്ന ഗ്രന്ഥം മലങ്കരഓർത്തഡോക്സ്സഭയെപ്പററി അറിയാൻ ഏറെ സഹായകമാണ്.

(2) cf. BISHOP GERMANOS PALIZOIDES, D. D., *Catechism of the Eastern Orthodox Church*, New York, p. 33.

www.malankaralibrary.com



ഴിഞ്ഞുപോന്നു. (3) ഈ വേർപാടിന്റെ ചരിത്രം വേറൊരിടത്തു പ്രസ്താവിക്കുന്നതാണ്.

കോൺസ്റ്റാന്റിനോപ്പിൾപാത്രിയക്കീസുമായി ഐക്യത്തിൽക്കഴിയുന്ന വിവിധസ്വതന്ത്രസഭകളുടെ ഒരു സമൂഹമാണ് ഇന്ന് ഓർത്തഡോക്സ്സഭയെന്ന പേരിലറിയപ്പെടുക. വേർപെട്ടുപോയ മററെല്ലാ ക്രൈസ്തവവിഭാഗങ്ങളിൽനിന്നും വ്യതിരിക്തമാണ് ഓർത്തഡോക്സ്സഭ. ക്രൈസ്തവതത്വസംഹിതയുടേയും വിശുദ്ധീകരണമാർഗ്ഗങ്ങളുടേയും ആരാധനയുടേയും കാതലായ ഭാഗങ്ങൾ അവർ പരിരക്ഷിച്ചുപോരുന്നു. ഓർത്തഡോക്സ്മെത്രാന്മാർ യഥാർത്ഥമെത്രാന്മാരാണ്. അവരുടെ വൈദികപട്ടവും യഥാർത്ഥംതന്നെ. വി. കുർബാനകൂദാശമാത്രമല്ല ബലികൂടിയാണെന്നവർ വിശ്വസിക്കുന്നു. അവക്കു യഥാർത്ഥങ്ങളായ ഏഴു കൂദാശകളുണ്ട്. ചില പ്രത്യേകസാഹചര്യങ്ങളിൽ, കത്തോലിക്കർക്ക് ഓർത്തഡോക്സ്വൈദികനിൽനിന്നു കൂദാശകൾ സ്വീകരിക്കാം. ഈ വസ്തുതകൾ 1964 ഒക്ടോബർ ഏഴാംതീയതി വത്തിക്കാൻ കൗൺസിൽ ബഹുഭൂരിപക്ഷത്തോടെ അംഗീകരിച്ചു (4). ക്രൈസ്തവവിഭാഗങ്ങളിൽ താത്വികമായും ആരാധനാപരമായും കത്തോലിക്കാസഭയോട് ഏററം അടുത്തുനില്ക്കുന്നത് ഓർത്തഡോക്സ്സഭയാണ്. കത്തോലിക്കരെപ്പോലെ അവരും പരിശുദ്ധകന്യകാമറിയത്തെ ദൈവമാതാവായി വണങ്ങുന്നു. ബ്രഹ്മചര്യത്തിനും സന്യാസജീവിതത്തിനും അവരുടെയിടയിൽ ഉയന്നസ്ഥാനമുണ്ട്. അവർ വിശുദ്ധന്മാരെ വണങ്ങുന്നു. വി. കുർബാനയിൽ അപ്പവും വീഞ്ഞും മിശിഹായുടെ മാംസരക്തങ്ങളായി മാറുന്നെന്നു വിശ്വസിക്കുന്നു. വി. ലിഖിതങ്ങൾപോലെ പാരമ്പര്യവും ദൈവികാവിഷ്ക്കരണത്തിന്റെ ഉറവുചാലാണെന്നു സമ്മതിക്കുന്നു. ക്രിസ്തുവിന്റെ

---

(3) cf. *Cotholic Encyclopaedia*, Vol. XI.
(4) cf. *The Examiner*, October 17, 1264

www.malankaralibrary.com



ഭൗതികശരീരമെന്ന നിലയിൽ സഭയെ കത്തോലിക്കരും ഓർത്തഡോക്സ്കാരും മൗലികമായി ഒരേവിധത്തിലാണു കരുതുക. സഭ ക്രിസ്തുവിന്റെ ശരീരമാണെന്നും നിത്യരക്ഷയ്ക്കു വിശ്വാസവും മാമ്മോദീസായും ആവശ്യമാണെന്നും കൂദാശകൾവഴി ദൈവപ്രസാദവരം പ്രവഹിക്കുന്നെന്നും ഓർത്തഡോക്സ്കാർ വിശ്വസിക്കുന്നു. ദിവ്യകാരുണ്യത്തിന്റെ മഹനീയമായ പ്രസാദവരദായകത്വത്തെപ്പററി അവർ ബോധവാന്മാരാണ്. സഭയിൽ പുരോഹിതന്മാർക്കും അല്മായർക്കുമുള്ള സ്ഥാനം നിർണ്ണയിക്കുന്നതിലും അവർക്ക് അഭിപ്രായാന്തരമില്ല. ഭരിക്കുക, പഠിപ്പിക്കുക, പവിത്രീകരിക്കുക എന്നീ ത്രിവിധാധികാരങ്ങൾ സഭയ്ക്കുള്ളതായി അവരും ഉദ്ബോധിപ്പിക്കുന്നു. ഓർത്തഡോക്സ്സഭമാത്രമാണ് ഏകസത്യസഭയെന്നവർ വിശ്വസിക്കുന്നു. ശാഖാതത്വ (Branch Theory) മൊന്നും അവർക്കു സ്വീകാര്യമല്ല. (5) എന്നാൽ, കത്തോലിക്കാസഭയെ ഔദ്യോഗികമായി സഭാഭ്രഷ്ടാക്കാൻ അവർ ഒരിക്കലും ശ്രമിച്ചിട്ടില്ല. കത്തോലിക്കാസഭയെ ഒഴിച്ചുനിർത്തിക്കൊണ്ടൊരു സാർവ്വത്രികസൂനഹദോസ് വിളിച്ചുകൂട്ടാനും അവർക്കു കഴിഞ്ഞിട്ടില്ല. കത്തോലിക്കാസഭയുമായി അവർ പ്രധാനമായി വിയോജിക്കുന്നതു മാർപ്പാപ്പയുടെ സാർവത്രികമായ പരമാധികാരം അംഗീകരിക്കുന്നതിലാണ്. പാശ്ചാത്യപാത്രിയർക്കീസും തുല്യസ്ഥാനമുള്ള പാത്രിയർക്കീസുമാരിൽ പ്രഥമനുമായിമാത്രമേ അവർ മാർപ്പാപ്പയെ അംഗീകരിക്കുന്നുള്ളൂ. ഇത്രയും ഓർത്തഡോക്സ്സഭയെപ്പററി പൊതുവിൽ. ഇനി നമുക്കു വേർപാടിന്റെ ചരിത്രത്തിലേക്കു കടക്കാം.

---

(5) ശാഖാതത്വം (Branch Theory): കത്തോലിക്കാസഭ, ആംഗ്ലിക്കൻസഭ, ഓർത്തഡോക്സ്സഭ ഇവ ഒരേ സത്യക്രിസ്തുമതത്തിന്റെ മൂന്നു ശാഖകളാണെന്നും, അതുകൊണ്ട് അവ മൂന്നും സത്യസഭകളാണെന്നും, അവയിലൊന്നിൽ വിശ്വസിച്ചാൽമതിയെന്നും സിദ്ധാന്തിക്കുന്ന ആംഗ്ലിക്കൻതത്വം.

www.malankaralibrary.com



# വേർപാടിന്റെ ചരിത്രം (*)

ഓർത്തഡോക്സ് ജനത ക്രൈസ്തവൈക്യത്തിൽനിന്നു വെട്ടിത്തിരിഞ്ഞുപോയതു് അപ്രതീക്ഷിതമായുണ്ടായ സംഭവമല്ല. പൗരസ്ത്യശീശ്മയെന്നു ചരിത്രത്തിലറിയപ്പെടുന്ന ആ ഭിന്നതയ്ക്കുപിമ്പിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള മത്സരങ്ങളും തെറ്റിദ്ധാരണകളും മുൻവിധികളും പ്രവർത്തിച്ചിട്ടുണ്ടു്.

ക്രിസ്ത്വബ്ദം 330-ൽ കോൺസ്റ്റന്റൈൻ ചക്രവർത്തി റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം കോൺസ്റ്റാന്റിനോപ്പിളിലേയ്ക്കു മാറ്റിയതോടെ കിഴക്കും പടിഞ്ഞാറും തമ്മിൽ മത്സരമാരംഭിച്ചെന്നു പറയാം. ഹെരാക്ലെയഅതിരൂപതയുടെ കീഴിൽ ഒരു സാമന്തരൂപതമാത്രമായിരുന്ന കോൺസ്റ്റാന്റിനോപ്പിൾ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ പരിശ്രമഫലമായി ഒരു പാത്രിയാർക്കാസിംഹാസനമായുയർന്നു. ചക്രവർത്തിയുടെ അതിരുകടന്ന സ്വാധീനശക്തിയുടെ തണലുപറ്റി, ചില പാത്രിയർക്കീസുമാർ ക്രൈസ്തവമതത്തിന്റെ തലസ്ഥാനംതന്നെ കോൺസ്റ്റാന്റിനോപ്പിളിലേയ്ക്കു മാറ്റാൻ ചില ശ്രമങ്ങൾ ചെയ്തിട്ടുണ്ടു്. ചക്രവർത്തിയുടെ ആസ്ഥാനമെവിടെയോ അവിടെത്തന്നെ മതത്തിന്റേയും തലസ്ഥാനം—ഇതാണു് അവർ കൊണ്ടുവന്ന പ്രധാനവാദം. ഈ പിടിവാദത്തിനു പാശ്ചാത്യക്രൈസ്തവർ അശേഷം വഴങ്ങിക്കൊടുത്തില്ല. അവർ പറഞ്ഞു, സഭയുടെ ദൃശ്യതലവനാ-

(*) For further information

cf. R. N. FRENCH, *The Eastern Orthodox Church*, London, *1957*.

ATTWATER, *The Christian Churches of the East*, Vol. II

www.malankaralibrary.com


യ പത്രോസിന്റേയും അദ്ദേഹത്തിന്റെ പിൻഗാമികളായ മാർപ്പാപ്പാമാരുടേയും ആസ്ഥാനമെവിടെയോ അവിടെയാണു സഭയുടെ തലസ്ഥാനമെന്നു്.

ക്രിസ്ത്വബ്ദം 451–ലേ കൽക്കദോനിയാസൂനഹദോസിൽ വളരെ വിവാദങ്ങൾക്കിടയാക്കിയ 28-ാംകാനൻ കോൺസ്റ്റാൻറിനോപ്പിളിനു പൗരസ്ത്യപാത്രിയാക്കാസ്ഥാനങ്ങളിൽ ഏററവും ഉന്നതമായ സ്ഥാനവും, സാർവത്രികസഭയിൽ റോംകഴിഞ്ഞാൽ അടുത്ത പദവിയും പ്രദാനംചെയ്തു. എന്നാൽ, മാർപ്പാപ്പയുടെ പ്രതിനിധികളുടെ അസാന്നിധ്യത്തിൽ പാസ്സാക്കിയ ഈ കാനൻ അംഗീകരിക്കുവാൻ റോം സമ്മതിച്ചില്ല. കിഴക്കും പടിഞ്ഞാറും തമ്മിൽ കൂടുതൽ ഭിന്നിക്കുന്നതിനു് അതൊരു കാരണമായി. ഇന്നു് ആ കാനന്റെ പ്രാധാന്യം വീണ്ടും ഉയൎന്നുവന്നിട്ടുണ്ടു്. കോൺസ്റ്റാൻറിനോപ്പിൾ കേന്ദ്രമാക്കി ഒരു പൗരസ്ത്യസഭ കെട്ടിപ്പടുക്കുവാൻ റോം സഹകരിക്കുകയും റോം കഴിഞ്ഞാൽ അടുത്ത സ്ഥാനം കോൺസ്റ്റാൻറിനോപ്പിളിനു നല്കുകയും ചെയ്താൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടാൻ ഒരുക്കമാണെന്ന അൎത്ഥത്തിൽ ചില ഓർത്തഡോക്സ് സഭാനേതാക്കന്മാർ അടുത്ത കാലത്തു സംസാരിക്കുകയുണ്ടായി. (1)

പൗരസ്ത്യജനതയെ പാശ്ചാത്യരുടെ നിത്യശത്രുക്കളാക്കാൻപോന്ന സംഭവം ക്രിസ്ത്വബ്ദം 800-ാമാണ്ടു നടന്നു. ആ ക്രിസ്മസ് ദിനത്തിലാണു ലെയോമൂന്നാമൻ മാർപ്പാപ്പ ഫ്രാങ്കുവർഗ്ഗത്തിൽപ്പെട്ട ഷാൾമാനെ (Charlemagne) റോമിൽവച്ചു പാശ്ചാത്യചക്രവൎത്തിയായി മുടിധരിപ്പിച്ചതു്. പൗരസ്ത്യലോകം ഒരു ഞെട്ടലോടെയാണു് ഈ വാൎത്ത ശ്രവിച്ചതു്. ഇനിമേലിൽ കോൺസ്റ്റാൻറിനോപ്പിൾ ചക്രവൎത്തി

(1) cf. ANTONIO NEGROPONTE, *Rome-Constantinople Accord*, The Examiner, May 9, June 6, 1964.

www.malankaralibrary.com


ക്ക റോമൻ ചക്രവത്തിയെന്ന പേരിന്നർഹതയില്ല. അധികാരം വീണ്ടും പടിഞ്ഞാറോട്ടു മാററപ്പെട്ടിരിക്കുന്നു. കിഴക്കിൻെറ വെറുപ്പു വിശേഷമായി വളൎന്നു. കഴക്കും പടിഞ്ഞാറും കൂടിയ ഏകസാവ്ത്രികസഭയെന്ന യാഥാത്ഥ്യത്തിൽനിന്നു കിഴക്കിന്റേതായ ഒരു വിഭക്തസഭയെന്ന ആശയത്തിലേയ്ക്കു കോൺസ്റ്റാൻറിനോപ്പിൾ മെല്ലെ മെല്ലെ മാറിക്കൊണ്ടിരുന്നു.

## ഫോസിയസ് (Photius)

നിക്കോളാസ് ഒന്നാമൻ മാപ്പാപ്പ ക്രിസ്താബ്ദം 863-ൽ കോൺസ്റ്റാൻറിനോപ്പിൾപാത്രിയക്കീസായിരുന്ന ഫോസിയസിനെ സ്ഥാനഭ്രഷ്ടനാക്കിയതോടെ സ്ഥിതിഗതികൾ കൂടുതൽ വഷളായി. ഫോസിയസ് പണ്ഡിതനും അഭിജാതനുമായിരുന്നു. പക്ഷേ, ന്യായമായവിധത്തിലൊന്നുമല്ല, അദ്ദേഹം പാത്രിയാക്കാസ്ഥാനം കരസ്ഥമാക്കിയതു്. സ്ഥാനഭ്രഷ്ടനായ ഫോസിയസ് മാർപ്പാപ്പയോടെതിൎത്തു ചെയ്ത പ്രതിപ്രവത്തനങ്ങൾ ദൂരവ്യാപകമായ ഫലങ്ങളുളവാക്കി. അദ്ദേഹം ഒരു കൗൺസിൽ വിളിച്ചുകൂട്ടി മാർപ്പാപ്പയെ സ്ഥാനഭ്രഷ്ടനാക്കിയിരിക്കുന്നെന്നു പ്രഖ്യാപിച്ചു. പാശ്ചാത്യസഭ പാഷണ്ഡതയിലുൾപ്പെട്ടെന്നു കാണിക്കാൻ "ലാററിൻ- തെററുകളു"ടെ ഒരു നീണ്ട പട്ടികതന്നെ അദ്ദേഹം തയ്യാറാക്കി. അദ്ദേഹത്തിൻെറ പ്രധാനമായ ആരോപണങ്ങൾ ഇവയാണു്:

വിശ്വാസപ്രമാണത്തിൽ, "പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവു്" എന്ന പുരാതനവിശ്വാസവകുപ്പിനു പകരം "പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവു്" എന്ന വകുപ്പു ചേൎത്തതു വിശ്വാസവിരുദ്ധമാണു്. പുളിപ്പിക്കാത്ത അപ്പം ഉപയോഗിക്കുന്നതുകൊണ്ടു ലാററിൻകുർബാനയിൽ വസ്തുമാററം (Transubstanti-

www.malankaralibrary.com



ation) സംഭവിക്കുന്നില്ല. വി. കുർബാന അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ വിശ്വാസികൾക്കു കൊടുക്കാത്തതു തെററാണു്. കൂടാതെ, ലാററിൻ ക്രമങ്ങളോടും അധികാരത്തോടും ജനങ്ങളോടുതന്നെയും അദ്ദേഹം വെറുപ്പും വിദ്വേഷവും പൂർവ്വാധികമായി ഇളക്കിവിട്ടു. ക്രിസ്ത്വാബ്ദം 1043 ൽ മൈക്കിൾ ചെരുലാരിയസ് പാത്രിയർക്കീസായപ്പോൾ, പൗരസ്ത്യസഭയുടെ പാശ്ചാത്യവിദ്വേഷം പൊട്ടാൻ പോകുന്ന അഗ്നിപർവ്വതംപോലെ അതിരൂക്ഷമായിരുന്നു.

## ചെരുലാരിയസ്

ചെരുലാരിയസ് ലാററിൻക്രമങ്ങളേയും ഭരണത്തേയും വളരെ വെറുത്തിരുന്നു. കോൺസ്റ്റാൻറിനോപ്പിളിലെ ലാററിൻപള്ളികളെല്ലാം ബലംപ്രയോഗിച്ചു് അടപ്പിച്ചു. ലാററിൻപുരോഹിതൻ ചൊല്ലുന്ന കുർബാനയിൽ യഥാർത്ഥമായ വസ്തുമാററം സംഭവിക്കുന്നില്ലെന്നു പറഞ്ഞു ചെരുലാരിയസിൻെറ കാര്യസ്ഥൻ ലാററിൻദൈവാലയത്തിൽ കടന്നു തിരുവോസ്തികളെല്ലാം ചിതറിക്കളഞ്ഞു. ലാററിൻസന്യാസിമാരോടു ഗ്രീക്കുറീത്തു സ്വീകരിക്കാൻ ആജ്ഞാപിച്ചു. അല്ലാത്തവരെ അവിടെനിന്നു തുരത്തി. അവരുടെ ആശ്രമങ്ങൾ പിടിച്ചെടുത്തു. പാത്രിയർക്കീസ് ചെയ്ത ഈ കടുംകൈകൾ കണ്ടു ഒൻപതാംകോൺസ്റ്റൈൻറൻ ചക്രവർത്തിപോലും ഭയപ്പെട്ടു. ചക്രവർത്തിയുടെ അപേക്ഷപ്രകാരം ഒൻപതാം ലെയോൻമാർപ്പാപ്പ സമാധാനം സ്ഥാപിക്കാൻ ഒരു പ്രതിനിധിസംഘത്തെ കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കയച്ചു. അമിതമായ ലാററിൻവിദ്വേഷത്താൽ അന്ധനായ ചെരുലാരിയസാകട്ടേ, ഭിന്നതകളും തക്കങ്ങളും പറഞ്ഞുതീർക്കാൻ ഒട്ടും വഴിപ്പെട്ടില്ല. എന്നല്ല, അദ്ദേഹം മാർപ്പാപ്പയുടെ പേർ ആരാധനക്രമത്തിൽനിന്നു നീക്കംചെയ്യുകകൂടിച്ചെയ്തു. അതു

www.malankaralibrary.com


കൊണ്ടു്, പാത്രിയർക്കീസിനെ, അദ്ദേഹം അബദ്ധങ്ങളിൽ അടിയുറച്ചു നില്ക്കുകയാണെന്നു മനസ്സിലാക്കി മാർപ്പാപ്പയുടെ പ്രതിനിധികൾ സഭയിൽനിന്നു പുറംതള്ളാൻതന്നെ തീരുമാനിച്ചു.

## ആ നിർഭാഗ്യസംഭവം

അന്നു്, 1054 ജൂലൈ 16-ാംതീയതി കോൺസ്റ്റാൻറിനോപ്പിളിലെ സെൻറ്സോഫിയാകത്തീഡ്രൽ ജനനിബിഡമായിരുന്നു. ആഘോഷമായ തിരുക്കർമ്മങ്ങൾ ആരംഭിക്കാൻ ഇനി താമസമില്ല. മാർപ്പാപ്പായുടെ പ്രതിനിധികളായ കർദ്ദിനാൾ ഹ്യൂബർട്ടു്, കർദ്ദിനാൾ ഫ്രെഡറിക്കു്, ആർച്ചുബിഷപ്പ് പീററർ എന്നിവർ ജനങ്ങളുടെയിടയിലൂടെ മുന്നോട്ടുനീങ്ങി, അൾത്താരയെ സമീപിച്ചു. ജനങ്ങളെല്ലാം ശ്വാസമടക്കി നോക്കിക്കൊണ്ടുനിന്നു. ചെരുലാരിയസിനെ സഭാഭ്രഷ്ടനാക്കുന്ന മാർപ്പാപ്പായുടെ ബൂളാ ബലിപീഠത്തിൽ നിക്ഷേപിച്ചുകൊണ്ടു് അവർ ഉദ്ഘോഷിച്ചു: "Videat Deus et Judicat" — "ദൈവം കണ്ടു വിധിക്കട്ടെ." പേപ്പൽപ്രതിനിധികൾ ഉടൻതന്നെ സ്ഥലംവിട്ടു.

പാത്രിയർക്കീസായ മൈക്കിൾ ചെരുലാരിയസിനെ മാർപ്പാപ്പാ സഭാഭ്രഷ്ടനാക്കിയെന്ന വാർത്ത പൗരസ്ത്യലോകമാകമാനം കാട്ടുതീപോലെ വ്യാപിച്ചു. പാത്രിയർക്കീസിൻെറ സ്വാധീനത്തിൽപ്പെട്ട സഭകളിലെല്ലാം പ്രതികരണങ്ങളുണ്ടായി. ചെരുലാരിയസ് എന്ന വ്യക്തിയെമാത്രമാണു് സഭാഭ്രഷ്ടനാക്കിയതു്. അദ്ദേഹത്തിൻെറ പാത്രിയർക്കാസ്ഥാനത്തെയോ മറേറതെങ്കിലും പൗരസ്ത്യസിംഹാസനത്തെയോ ഈ ശിക്ഷാവിധിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. എങ്കിലും, ആദ്യം കോൺസ്റ്റാൻറിനോപ്പിളും അതിനെത്തുടർന്നു മററു പൗരസ്ത്യപാത്രിയാർക്കാസിംഹാസനങ്ങളും റോമുമായുണ്ടായി

www.malankaralibrary.com


രുന്ന ബന്ധം വിച്ഛേദിച്ചു. അങ്ങനെ, ഓർത്തഡോക്സ് സഭ ക്രൈസ്തവൈകൃത്തിൽനിന്നു വേർപിരിഞ്ഞു.

## ചെരുലാരിയസിനുശേഷം

ഭിന്നതയ്ക്കുശേഷം കിഴക്കും പടിഞ്ഞാറുംതമ്മിൽ ഏറെ യേറെ അകലുവാൻ തുടങ്ങി. ഈ അകൽച്ചയെ, കുരിശുയുദ്ധത്തിനു പാശ്ചാത്യദേശങ്ങളിൽനിന്നു വന്നുകൊണ്ടിരുന്ന സൈന്യങ്ങളുടെ പെരുമാററം ശോചനീയമാംവിധം വർദ്ധിപ്പിച്ചു. നാലാമത്തെ കുരിശുയുദ്ധം യഥാർത്ഥത്തിൽ, പൗരസ്ത്യക്രൈസ്തവർക്കെതിരായ ഒരാക്രമണംതന്നെയായിരുന്നു. 1204-ൽ പാശ്ചാത്യസൈന്യം കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചടക്കി. അവിടെനിന്നു പൗരസ്ത്യമെത്രാന്മാരെയെല്ലാം ഓടിച്ചു; പള്ളികളെല്ലാം കൊള്ളയടിച്ചു. പൗരസ്ത്യചക്രവർത്തിയെ വധിച്ച് ഒരു ഫ്റഞ്ചുകാരനെ ചക്രവർത്തിയാക്കി. എന്നിട്ട്, ഫ്റഞ്ചുകാരും ഇംഗ്ലീഷുകാരുംകൂടി അൻപത്തേഴു വർഷത്തോളം അവിടെ ഭരണം നടത്തി. അപ്പോഴേ ഓർത്തഡോക്സ്കാർ തീർച്ചപ്പെടുത്തി, മേലിൽ കത്തോലിക്കരോടോ മാർപ്പാപ്പായോടോ യാതൊരു ബന്ധവും പാടില്ലെന്ന്. അന്നു പാശ്ചാത്യർ ചെയ്ത അനീതികൾ വിസ്മരിക്കാൻ അടുത്ത നാൾവരെ പൗരസ്ത്യർക്കു സാധിച്ചിട്ടില്ല. അവരുടെ ഹൃദയത്തിൻെറ അടിത്തട്ടിൽ ആ പൂർവവൈരാഗ്യം ഊറിക്കൂടിക്കിടക്കുകയായിരുന്നു. ഇന്നത്തേ മാറിവരുന്ന പരിത:സ്ഥിതിയിൽ, സഹോദരസ്നേഹത്തിൻെറ ഊഷ്മളവാതമേററ് ശിലാസമമായിക്കിടന്ന ആ വിരോധമെല്ലാം ഉരുകിയൊലിച്ചുപൊയ്ക്കൊണ്ടിരിക്കുകയാണ്.

www.malankaralibrary.com



# പരാജയമടഞ്ഞ പുനരൈക്യങ്ങൾ

## 1) ലിയോൺസിലെ പുനരൈക്യം—1274

വർഷങ്ങൾകഴിഞ്ഞുപോയി. അടിക്കടി ലഭിച്ച വിജയങ്ങളാൽ ഉന്മത്തരായ മുസ്ലീംസൈന്യം കോൺസ്റ്റാൻറിനോപ്പിളിനെതിരെ ഇരമ്പിക്കയറാൻ തുടങ്ങി. തൻെറ സാമ്രാജ്യത്തിനെതിരായുള്ള ഈ ഭീഷണിയെ നേരിടാൻ ശത്രുതരമില്ലെന്ന മനസ്സിലാക്കിയ മൈക്കൾ എട്ടാമൻ ചക്രവത്തി, പൂർവവൈരാഗ്യമെല്ലാം വിസ്മരിച്ച പാശ്ചാത്യസഹോദരങ്ങളുമായി രമ്യതപ്പെടുവാൻതന്നെ തീരുമാനിച്ചു. അതിനാദ്യപടിയായി അദ്ദേഹം, കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസ് ജോൺബെക്കോസിൻെറ കീഴിൽ ഒരു പ്രതിനിധിസംഘത്തെ ലയൺസിലെ രണ്ടാംസാർവത്രീക സൂനഹദോസിലേക്കയച്ചു. ചക്രവത്തി സൂനഹദോസിനെ അറിയിച്ചു, തൻെറ പ്രതിനിധികൾ വിവാദത്തിനല്ല പുനരൈക്യത്തിനാണു വരുന്നതെന്ന്. അങ്ങനെ, യാതൊരു പ്രതിബന്ധവുംകൂടാതെ പുനരൈക്യം നടന്നു. എന്നാൽ, കോൺസ്റ്റാൻറിനോപ്പിളിലെ ജനങ്ങളോ വൈദികഗണമോ പുനരൈക്യത്തെ സ്വാഗതം ചെയ്തില്ല; എന്നുമാത്രമല്ല, അവരെല്ലാം പുനരൈക്യത്തെ ശക്തിയായി എതിർക്കാനുംതുടങ്ങി. അതുകൊണ്ടു, രണ്ടാം അൻഡ്രോണിക്കോസ് ചക്രവത്തിക്കു ലയൺസിലെ പുനരൈക്യത്തെ അസ്ഥിരപ്പെടുത്തേണ്ടിവന്നു.

## 2) ഫ്ളോറൻസിലെ പുനരൈക്യം—1439

തുർക്കിസൈന്യം കോൺസ്റ്റാൻറിനോപ്പിളിൻെറ പടിക്കലെത്തിയപ്പോഴാണ് ഏഴാം ജോൺചക്രവത്തിക്കു ത

www.malankaralibrary.com


ൻെറ നിസ്സഹായത മനസ്സിലായത്. അദ്ദേഹം പ്രമുഖന്മാരായ ഓത്തഡോക്സ്സഭാനേതാക്കന്മാരുടെ എഴുന്നൂറോളം വരുന്ന ഒരു സംഘവുമായി സാർവത്രികസൂനഹദോസ്സമ്മേളനസ്ഥലമായ ഫെറാറായിലേയ്ക്കു പുറപ്പെട്ടു. മാർപ്പാപ്പാ തന്നെ വന്ന് അവരെ സ്നേഹപൂർവം സ്വീകരിച്ചു. ഇപ്രാവശ്യം ഭിന്നതകളുടെ ദൈവശാസ്ത്രപരവും സഭാശാസ്ത്രപരവുമായ വശങ്ങളെപ്പററി സുദീർഘങ്ങളായ ചർച്ചകൾ നടന്നു. അവസാനം പുനരൈക്യത്തിൻെറ അടിസ്ഥാനതത്വങ്ങളായി നാലു സംഗതികൾ ഓത്തഡോക്സ്ജനത അംഗീകരിച്ചു:

1) മാർപ്പാപ്പായുടെ പരമാധികാരം.

2) പുളിപ്പിക്കാത്ത അപ്പത്തിൻെറ ഉപയോഗസാധുത്വം.

3) ശുദ്ധീകരണസ്ഥലം ഉണ്ടെന്ന വസ്തുത.

4) പരിശുദ്ധാത്മാവിൻെറ പിതാവിൽനിന്നും പുത്രനിൽനിന്നുമുള്ള പുറപ്പാട്. (പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽനിന്നും ഒരു സത്തയിൽനിന്നെന്നപോലെ —Tanquam de uno principio—പുറപ്പെടുന്നു.)

1439 ജൂലൈ 6–ാംതിയതി "സ്വർഗ്ഗം സന്തോഷിക്കുന്നു" — "Laetentur caeli" എന്ന പേപ്പൽബൂളാവഴി മാർപ്പാപ്പാ ഓത്തഡോക്സ്സഭയുടെ പുനരൈക്യം പ്രഖ്യാപിച്ചു.

ഇപ്രാവശ്യവും ഓത്തഡോക്സ്ജനത പൊതുവേ പുനരൈക്യവിരോധികളായിരുന്നു. റഷ്യയിലെ രണ്ടാംബാസിൽ ചക്രവത്തി പുനരൈക്യത്തെ അപ്പാടെ നിരാകരിച്ചു. അലക്സാൻഡ്രിയ, അന്ത്യോക്യ, യരുസലം എന്നീ പാത്രിയാർക്കാസ്ഥാനങ്ങളിൽ പുനരൈക്യം കുറേക്കാലത്തേയ്ക്കു നിലനിന്നു. അന്ത്യോക്യായിലെ ഒരു വിഭാഗം ജനത ഇന്നും കത്തോലിക്കാപുനരൈക്യത്തിൽ ഉറച്ചുനില്ക്കുന്നു. കോൺ

www.malankaralibrary.com



സ്റ്റാൻറിനോപ്പിളിലാകട്ടെ, ചക്രവർത്തിയും ഏതാനും സഭാനേതാക്കന്മാരും ചില ദൈവശാസ്ത്രജ്ഞന്മാരുമൊഴികെ മററെല്ലാവരും പുനരൈക്യത്തെ എതിർത്തു.

## കോൺസ്റ്റാൻറിനോപ്പിളിൻെറ പതനം

ക്രൈസ്തവലോകം ഒന്നുചേർന്നെങ്കിലും തുർക്കികൾക്കെതിരായി കോൺസ്റ്റാൻറിനോപ്പിളിനെ സഹായിക്കാൻ പാശ്ചാത്യഭരണാധികാരികളാരും മുമ്പോട്ടു വന്നില്ല. അവരെല്ലാം നിഷ്പക്ഷമനഃസ്ഥിതിക്കാരായിരുന്നു. ചിലരാകട്ടെ, രഹസ്യമായി തുർക്കികളെ സഹായിക്കുകൂടിച്ചെയ്തു. പൗരസ്ത്യസഹോദരങ്ങളുടെ സഹായത്തിനെത്താൻ മാർപ്പാപ്പാ ചെയ്ത ആഹ്വാനങ്ങളെല്ലാം നിഷ്ഫലമായി. കോൺസ്റ്റാൻറിനോപ്പിളിനു പാശ്ചാത്യരിൽനിന്നു ലഭിച്ച സഹായം മാർപ്പാപ്പാ അയച്ചുകൊടുത്ത ഒരു വ്യൂഹം പട്ടാളവും ജനോവറിപ്പബ്ളിക്കയച്ച ഏതാനും കപ്പലുകളും 600 ഭടന്മാരുംമാത്രം.

1453 മേയ്മാസം 29-ാംതീയതി തുർക്കിസൈന്യം മുഹമ്മദ് രണ്ടാമൻെറ നേതൃത്വത്തിൽ കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചടക്കി. യുദ്ധക്കളത്തിൽവച്ച്, പുനരൈക്യത്തിൻെറ പ്രേരകശക്തിയായിരുന്ന കോൺസ്റ്റൈൻറൻപതിനൊന്നാമൻ മരിച്ചുവീണു. സീസർ ഒക്ടേവിയനുശേഷം റോമാസാമ്രാജ്യം ഭരിച്ച നൂററിപ്പതിനൊന്നാമത്തെ ചക്രവർത്തിയായിരുന്നു അദ്ദേഹം. അനശ്വരമെന്നു കരുതപ്പെട്ടിരുന്ന റോമാസാമ്രാജ്യത്തിൻെറ അടിത്തറയും അങ്ങനെ പറിഞ്ഞുപോയി. ആശയററ പൗരസ്ത്യജനത ആത്മഗതംചെയ്തു: "സുൽത്താൻെറ തലപ്പാവിനുതാഴെക്കഴിഞ്ഞുകൂടുകയാണ് മാർപ്പാപ്പായുടെ കിരീടത്തിനുകീഴിൽക്കഴിയുന്നതിലും നല്ലതു്."

www.malankaralibrary.com



# ഓർത്തഡോക്സ് സഭയിലെ പാത്രിയാർക്കാസ്ഥാനങ്ങൾ

പഴയ പാത്രിയാർക്കാസ്ഥാനങ്ങൾ

## 1) അന്ത്യോക്യ

ആദ്യത്തെ നാലുനൂററാണ്ടുകാലത്തേയ്ക്കു പൗരസ്ത്യദേശത്തെ മതപരവും രാഷ്ട്രീയവുമായ കേന്ദ്രമായിരുന്നു അന്ത്യോക്യ. പക്ഷേ, പൗരസ്ത്യറോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം കോൺസ്റ്റാൻറിനോപ്പിളായതോടെ അന്ത്യോക്യ ക്ഷയിക്കുവാൻ തുടങ്ങി. ആര്യൻപാഷണ്ഡത, നെസ്തോറിയൻപാഷണ്ഡത ഏകസ്വഭാവപാഷണ്ഡത ഇവ അന്ത്യോക്യയെ അടിക്കടി ദുർബലപ്പെടുത്തിക്കൊണ്ടിരുന്നു. തുടർന്ന്, സൈപ്രസ്, യരുസലം, പേർഷ്യ എന്നിവിടങ്ങളിലെ സഭകൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു പിരിഞ്ഞുപോയി. അവസാനം, അറബികളുടെ ആക്രമണത്തോടെ അന്ത്യോക്യ നിലംപതിച്ചു.

പിന്നീടു പതിനാറാംനൂററാണ്ടിൽ അന്ത്യോക്യൻപാത്രിയർക്കീസിനു ഡമാസ്കസിൽ ഒരു ആസ്ഥാനമുറച്ചെങ്കിലും കാര്യമായ പ്രാബല്യമൊന്നും ലഭിച്ചില്ല. ഇന്ന് അന്ത്യോക്യയുടെ പാത്രിയർക്കീസ് തിയഡോഷ്യസ് ആറാമൻതിരുമേനിയാണ്. ലബനോൺ, സിറിയ, അമേരിക്ക ഇവിടങ്ങളിലായി 485,000 ജനങ്ങൾ അദ്ദേഹത്തിന്റെ ആധ്യാത്മികാധികാരത്തിൻകീഴിലുണ്ട്.

www.malankaralibrary.com


## 2) അലക്സാൻഡ്രിയ

ക്രിസ്തുവർഷം ആദ്യന്തൂററാണ്ടിൽത്തന്നെ ഈജിപ്റ്റിൽ ക്രിസ്തുമതം പ്രചരിച്ചു; അതും വളരെ വേഗത്തിൽ. വി. മർക്കോസാണ് അലക്സാൻഡ്രിയയുടെ അപ്പസ്തോലൻ. അലക്സാൻഡ്രിയായിലെ മെത്രാൻെറ സ്ഥാനം ഉന്നതവും അധികാരവ്യാപ്തി വിപുലവുമായിരുന്നു. ചരിത്രപ്രസിദ്ധമായ മതബോധനാലയവും (Catechetical School) പുരാതനമായ ഗ്രന്ഥാലയവും അലക്സാൻഡ്രിയയുടെ കീർത്തി ലോകമെങ്ങും പരത്തി.

ആദ്യശതകങ്ങളിലെ ഗ്നോസ്റ്റിസിസം ആര്യനിസം തുടങ്ങിയ പാഷണ്ഡതകൾ ഈജിപ്റ്റിലെ സഭയെ വല്ലാതെ ബാധിച്ചു. ആര്യനിസത്തിൻെറ എതിരാളികളായി രംഗപ്രവേശംചെയ്തു സഭാചരിത്രത്തിൽ മായാത്തമുദ്രപതിച്ച വി. അലക്സാണ്ടറും വി. അത്തനേഷ്യോസും അലക്സാൻഡ്രിയായിലെ പാത്രിയർക്കീസുമാരായിരുന്നു. അഞ്ചാംനൂററാണ്ടിൽ ഏകസ്വഭാവവാദം ഈജിപ്ഷ്യൻസഭയെ വിഴുങ്ങിക്കളഞ്ഞെന്നു പറയാം. തുടർന്നു, ഈജിപ്തുകാർ കോപ്റ്റിക്ക്സഭയെന്നപേരിലൊരു സ്വതന്ത്രസഭ സ്ഥാപിച്ചു.

638–ൽ അറബികൾ ഈജിപ്തു കീഴടക്കിയതോടെ അവിടത്തെ ക്രൈസ്തവസഭ നാമാവശേഷമാക്കപ്പെട്ടു. പിന്നീട്, 1899-ൽ ഫോസിയസ് അലക്സാൻഡ്രിയായിലെ പാത്രിയർക്കീസായതിനുശേഷമേ ഈജിപ്റ്റിൽ ഓർത്തഡോക്സ്വിശ്വാസം പുനരുജ്ജീവിച്ചുള്ളൂ. ഇന്ന് അലക്സാൻഡ്രിയായിലെ പാത്രിയർക്കീസ് ക്രിസ്റ്റോഫറസ്രണ്ടാമനാണ്. അദ്ദേഹത്തിൻെറ ഭരണത്തിൽ, ആഫ്രിക്കയുടെ വിവിധഭാഗങ്ങൾ, മാൾട്ടാ, അമേരിക്ക എന്നിവിടങ്ങളിലായി 250,000 ഓർത്തഡോക്സ്കാരുണ്ട്.

www.malankaralibrary.com



## 3) കോൺസ്റ്റാൻറിനോപ്പിൾ

ക്രിസ്താബ്ദം 325-ൽ സമ്മേളിച്ച നിക്യാസൂനഹദോസിൽവച്ചാണ് കോൺസ്റ്റാൻറിനോപ്പിൾ ഒരു പാത്രിയാർക്കാസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടത്. അതിനുശേഷം രണ്ടു നൂററാണ്ടുകൾകൂടി കഴിഞ്ഞതിനുശേഷമാണ്, അതായതു് 6-ാംനൂററാണ്ടിൻെറ ഉത്തരാർദ്ധംമുതൽമാത്രമാണ്, കോൺസ്റ്റാൻറിനോപ്പിളിലേ പാത്രിയർക്കീസ് എക്യുമെനിക്കൽപാത്രിയർക്കീസെന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയതു്. അന്നു് കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസായിരുന്ന ജോൺനാലാമൻ എക്യൂമേനിക്കൽ പാത്രിയർക്കീസ്—ക്രൈസ്തവലോകത്തിൻെറ പാത്രിയർക്കീസ്—എന്ന പദവി സ്വീകരിച്ചു. ഇത്ര പ്രതാപപൂർണ്ണമായ ഒരു പേരു സ്വീകരിക്കരുതെന്നു മഹാനായ ഗ്രിഗറിമാർപ്പാപ്പാ അദ്ദേഹത്തെ ഉപദേശിച്ചിരുന്നതാണ്. പക്ഷേ, ആ ഉപദേശം അനുസരിക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല. മാർപ്പാപ്പായാകട്ടെ "ദൈവത്തിൻെറ ദാസന്മാരുടെ ദാസൻ" (Servus Servorum Dei) എന്ന പേരു് സ്വീകരിച്ചുകൊണ്ടു് എളിമയുടെ മാഹാത്മ്യത്തെ വ്യക്തമാക്കി.

1453-ലാണല്ലോ തുർക്കികൾ കോൺസ്റ്റാൻറിനോപ്പിൾ കടന്നാക്രമിച്ചു കീഴടക്കിയതു്. അന്നുമുതൽ കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസ് തുർക്കികളുടെ കീഴിലാണ്. 1472-ൽ പാത്രിയർക്കീസ് ജനാസിയോസ്രണ്ടാമൻ ഫ്ളോറൻസിലെ പുനരൈക്യത്തെയും അസ്ഥിരപ്പെടുത്തി. തുർക്കിസുൽത്താന്മാരുടെ കീഴിൽ ക്രൈസ്തവജനതയ്ക്കു നിരവധി യാതനകൾ സഹിക്കേണ്ടിവന്നു. കഴിഞ്ഞ അഞ്ഞൂറുവർഷങ്ങൾക്കുള്ളിൽ നൂററൊൻപതു പാത്രിയർക്കീസുമാർ അവിടെ ഭരിച്ചു. അവരിൽ മുപ്പത്തിനാലുപേർക്കേ മരണംവരെ ഭരിക്കാൻ കഴിഞ്ഞുള്ളു. അവരിൽ എട്ടുപേർ ദയ

www.malankaralibrary.com


നീയമാംവിധം വധിക്കപ്പെട്ടു. പാത്രിയർക്കാസ്ഥാനം ലേലത്തിൽ പിടിക്കുകയെന്ന ദുഷിച്ച സമ്പ്രദായം അന്നു നിലവിലിരുന്നതുകൊണ്ടു്, ഏററം കൂടുതൽപണം കൊടുക്കാൻ കഴിവുള്ള വ്യക്തിയാണു പാത്രിയാർക്കീസായി ഉയർന്നതു്. അങ്ങനെ പാത്രിയർക്കീസായി വന്നവരുടെ ഭരണകാലമാകട്ടെ, കൂടുതൽ പണവുമായി മററൊരു വ്യക്തി മുമ്പോട്ടുവരുന്നതുവരെ മാത്രമായിരുന്നുതാനും. ഇങ്ങനെ പണത്തിൻെറ പ്രതാപംകൊണ്ടു്, സീറിൽ ലൂക്കാരിയൂസ് എന്നയാൾ ഏഴു പ്രാവശ്യം പാത്രിയർക്കീസായിട്ടുണ്ടു്.

## ഫാനർ

കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചടക്കിയയുടനെ തുർക്കികൾ സെൻറ്സോഫിയാകത്തീഡ്രലിനെ ഒരു മുസ്ലീം മോസ്കായി രൂപാന്തരപ്പെടുത്തി. അതുകൊണ്ടു്, പാത്രിയർക്കീസിനു പുതിയൊരു കത്തീഡ്രൽ തിരഞ്ഞെടുക്കേണ്ടിവന്നു—കോൺസ്റ്റാൻറിനോപ്പിളിലെ സെൻറ് ജോർജ്ജ് ദേവാലയം. "ഫാനർ" (Phanar)എന്ന പേരിലാണു് ആ ദേവാലയം അറിയപ്പെടുക. ഇന്നും കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസിൻേറയും ഭരണസമിതിയുടേയും ആസ്ഥാനം ഫാനർതന്നെയാണു്.

## അത്തനാഗൊറസ് തിരുമേനി

ആധുനികകാലത്തു തുർക്കിഗവണ്മെൻറും പാത്രിയാർക്കാസിംഹാസനവുമായി നീണ്ടമത്സരങ്ങൾ നടന്നു. 1948–ൽ അത്തനാഗൊറസ് സ്പൈറൺ പാത്രിയർക്കീസായശേഷമാണു് സ്ഥിതിഗതികൾ മെച്ചപ്പെട്ടതു്. ഭരണാധികാരികളുമായി സൗഹാർദ്ദത്തിലും രമ്യതയിലും വർത്തിക്കുന്നതിൽ അത്തനാഗൊറസ് തിരുമേനിക്കുള്ള കഴിവ് അസാമാ

www.malankaralibrary.com


ന്യമാണ്. മാന്യമായ വ്യക്തിത്വവും നയതന്ത്രപൂർവമായ സമീപനവും ഇതരസഭകളോടുള്ള ബഹുമാനവും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ വർദ്ധിപ്പിച്ചിട്ടുണ്ട്. ജോൺമാർപ്പാപ്പായെ അദ്ദേഹം വിശേഷിപ്പിച്ചതു ഹൃദയസ്പർശിയായ ഒരു സുവിശേഷഭാഗം ഉദ്ധരിച്ചുകൊണ്ടാണ്. അദ്ദേഹം പറഞ്ഞു: "ദൈവത്താൽ പ്രേഷിതനായ ഒരു മനുഷ്യനുണ്ടായിരുന്നു; അദ്ദേഹത്തിന്റെപേർ ജോൺ എന്നായിരുന്നു" (യോഹ. 1, 6). പോൾ മാർപ്പാപ്പായുമായി അത്തനാഗൊറസ് നടത്തിയ ചരിത്രപ്രസിദ്ധമായ സന്ദർശനവും അതിനുശേഷം തുടർന്നുപോരുന്ന സ്നേഹബന്ധവും ക്രൈസ്തവലോകത്തിനു പ്രത്യാശയ്ക്കു വക നല്കുന്ന സൂചനകളാണ്.

തുർക്കി, ആത്തോസ്ഗിരി, അമേരിക്ക, ഓസ്ട്രേലിയ, കാനഡ, മദ്ധ്യയൂറോപ്പ് എന്നിവിടങ്ങളിലായി 2,015,000 ഓർത്തഡോക്സുകാരാണ് കോൺസ്റ്റാന്റിനോപ്പിളിന്റെ കീഴിലുള്ളതു്.

## 4) യരുശലേം

ക്രിസ്താബ്ദം 451–ൽ നടന്ന കൽക്കദോനിയസൂനഹദോസിൽവച്ചാണ് യരുശലേം ഒരു പാത്രിയർക്കാസിംഹാസനമായി ഉയർന്നതു്. അന്ന് അറുപതോളം രൂപതകളുണ്ടായിരുന്നു, യരുശലേത്തിന്റെ ഭരണസീമയിൽ. ഏഴാം നൂറ്റാണ്ടിൽ മുഹമ്മദീയർ ആക്രമിച്ചു കീഴടക്കുന്നതുവരെ യരുശലേം സമ്പൽസമൃദ്ധിയിലും മതചൈതന്യത്തിലും ഉന്നതനിലയിലാണ് കഴിഞ്ഞിരുന്നതു്. ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്ന് ആ പുണ്യഭൂമിയിലേയ്ക്കു പ്രവഹിച്ചിരുന്ന തീർത്ഥകസഞ്ചയം യരുശലേത്തെ നയനാഭിരാമങ്ങളായ ദേവാലയങ്ങൾകൊണ്ടലങ്കരിച്ചു. ക്രൈസ്തവരാജ്യങ്ങളിലെ സമ്പത്തു മുഴുവൻ യരുശലേത്തു കുന്നുകൂടി. ദൈവശാസ്ത്രത്തിന്റേയും വി. ഗ്രന്ഥപഠനത്തിന്റേയും വളർച്ച

www.malankaralibrary.com


യിൽ യരുശലേം ഉൽകൃഷ്ടമായ സംഭാവനകൾ നല്കിയിട്ടുണ്ട്. വി. സിറിലും ജറോമും യരുശലേത്തിന്റെ സന്താനങ്ങളാണല്ലോ.

## മുഹമ്മദീയർ യരുശലേത്ത്

637-ൽ മുഹമ്മദീയർ യരുശലേം ആക്രമിച്ചു കീഴടക്കി. ചുരുക്കം ചില ദേവാലയങ്ങളും സന്യാസാശ്രമങ്ങളുമൊഴിച്ചു ബാക്കിയെല്ലാം അവർ നശിപ്പിച്ചു. നല്ലൊരുവിഭാഗം ക്രൈസ്തവർ ഓടി രക്ഷപെട്ടു. ചിലർ മതംമാറി. ശേഷിച്ചവർ മതപീഡനത്തെ ചെറുത്തുനിന്നു. 1099-ൽ കുരിശുയുദ്ധക്കാർ യരുശലേം കീഴടക്കിയപ്പോൾ ക്രൈസ്തവർ സ്വതന്ത്രരായി. പക്ഷേ, ലത്തീൻക്രമങ്ങൾ അവരുടെമേൽ അടിച്ചേല്പിക്കപ്പെട്ടു. പാത്രിയർക്കീസ് പലസ്തീന വിട്ടുപോയി. 1187–ൽ സാലഡിന്റെ മുസ്ലീംസൈന്യം വീണ്ടും യരുശലേം പിടിച്ചടക്കിയശേഷമാണ്, അദ്ദേഹം തിരിച്ചുവന്നത്. ലാററിൻ ഗ്രീക്ക് ക്രൈസ്തവർ തമ്മിൽ വാശിയേറിയ മത്സരങ്ങൾ നൂററാണ്ടുകളായി നിലനില്ക്കുകയായിരുന്നു. പത്തൊൻപതാംനൂററാണ്ടിന്റെ പൂർവാർദ്ധത്തിലാണ് അവയെല്ലാം ഒട്ടൊന്നു ശാന്തമായത്.

ബനഡിക്തോസ് തിരുമേനിയാണ് ഇന്നു യരുശലേത്തെ പാത്രിയർക്കീസ്. അദ്ദേഹത്തിന്റെ കീഴിലുള്ള 77000 ഓർത്തഡോക്സ് ജനത ഇസ്രായേലിലും ജോർഡാനിലുമായി ജീവിച്ചുപോരുന്നു.

## പുതിയ പാത്രിയർക്കാസ്ഥാനങ്ങൾ

### 1) മോസ്കോ

തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചപ്പോൾ റഷ്യ ഓർത്തഡോക്സ് ലോകത്തിന്റെ നേതൃത്വം ഏറെറ

www.malankaralibrary.com



ട്ടുണ്ടു. റഷ്യയിൽ ഒരു പാത്രിയർക്കാസ്ഥാനം സ്ഥാപിച്ചുകിട്ടാൻ അവർ വളരെക്കാലമായി ശ്രമിച്ചുവരികയായിരുന്നു. 1589-ൽ കോൺസ്റ്റാൻറിനോപ്പിളിലേ പാത്രിയർക്കീസായിരുന്ന ജറേമിയാസ് മോസ്ക്കോ സന്ദർശിച്ചു. ഈയവസരത്തിൽ റഷൻജനത അദ്ദേഹത്തോടാഹ്വാനംചെയ്തു, മോസ്ക്കോയെ ഒരു പാത്രിയക്കാസ്ഥാനമാക്കി ഉയർത്തണമെന്നു. ഗ്രീക്കുകാരുടെ എതിർപ്പുകാരണം അന്നാ പരിശ്രമം ഫലമണിഞ്ഞില്ല. പക്ഷേ, അധികംതാമസിയാതെ മോസ്ക്കോ ഒരു പാത്രിയർക്കാസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു.

മോസ്ക്കോ പാത്രിയർക്കീസുമാർ ഏറെയും റഷ്യൻചക്രവർത്തിമാരുടെ വെറും ആജ്ഞാനുവർത്തികളായിരുന്നു. തുടർന്നു, ചങ്കുറപ്പുള്ള ചില പാത്രിയർക്കീസുമാർ ചക്രവർത്തിയുടെ താളത്തിനൊത്തു തുള്ളാൻ കൂട്ടാക്കായ്കയാൽ, സഭയും രാഷ്ട്രവും തമ്മിൽ മത്സരമായി. അവസാനം 1700—ൽ മത്സരം വർദ്ധിക്കുകയും മഹാനായ പീററർചക്രവർത്തി (Tsar Peter the Great) മോസ്ക്കോയിലെ പാത്രിയക്കാസ്ഥാനം നിരോധിക്കുകയുംചെയ്തു.

## ദേശീയകൗൺസിൽ (National Council)

വീണ്ടും മോസ്ക്കോയിൽ പാത്രിയർക്കാസ്ഥാനം സ്ഥാപിതമായതു 1917 ആഗസ്റ്റ് 15—ാംതീയതി സമ്മേളിച്ച ദേശീയകൗൺസിലിൽവച്ചാണു. മെത്രാന്മാരും വൈദികന്മാരും അല്മായരുമുൾപ്പെട്ട ഒരു ഭരണസമതിയാണു നാഷണൽകൗൺസിൽ. ഇതിൻെറ അദ്ധ്യക്ഷൻ പാത്രിയർക്കീസായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ അധികാരം പരിമിതമായിരുന്നു.

www.malankaralibrary.com


## മതപീഡനം

1917 ഒക്ടോബർ 28–ാംതീയതി തിക്കോൺ ബെലാവിൻ (Tikhon Belavin) പാത്രിയർക്കീസായി തിരഞ്ഞെടുക്കപ്പെട്ടു. സഭയുടെ ശത്രുക്കളായ കമ്മ്യൂണിസ്റ്റുകൾക്കെതിരായി അദ്ദേഹം വമ്പിച്ച പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ പേര് റഷ്യമുഴുവൻ പ്രസിദ്ധമായി. ക്രൈസ്തവരെല്ലാം പാത്രിയർക്കീസിന്റെ കീഴിൽ അണിനിരന്നു. ഈ പ്രവർത്തനങ്ങളെല്ലാം സൂക്ഷ്മനിരീക്ഷണംചെയ്തുകൊണ്ടിരുന്ന കമ്മ്യൂണിസ്റ്റുഗവണ്മെന്റ്, അധികം താമസിക്കുംമുമ്പ് ഒരു മതപീഡനം അതിന്റെ സകല ഭീകരതയോടുംകൂടെ അഴിച്ചുവിട്ടു. ചുരുങ്ങിയകാലത്തിനുള്ളിൽ 28 മെത്രാന്മാരും 1200 വൈദികന്മാരും പതിനായിരക്കണക്കിന് അല്മായരും രക്തസാക്ഷികളായി. ലക്ഷക്കണക്കിനു ജനങ്ങളെ സൈബീരിയയിലെ തടങ്കൽപ്പാളയത്തിലേക്കു നീക്കംചെയ്തു. അതിലുമധികമാണ് റഷ്യയിൽനിന്ന് ഓടിരക്ഷപെട്ടവരുടെ സംഖ്യ. പള്ളികളും സന്യാസാശ്രമങ്ങളും ഗവണ്മെന്റാഫീസുകളായി രൂപാന്തരപ്പെട്ടു. 1923 ആയപ്പോഴേക്കും പാത്രിയർക്കീസ് തിക്കോൺ കമ്മ്യൂണിസ്റ്റുഗവണ്മെന്റിനു പരസ്യമായി കീഴടങ്ങി. ഉടനേ, മതമർദ്ദനത്തിന്റെ കാഠിന്യവും കുറഞ്ഞു. തുടർന്നുവന്ന പാത്രിയർക്കീസുമാർ കമ്മ്യൂണിസ്റ്റുഗവണ്മെന്റിന്റെ ചൊൽപ്പടിക്കു നിന്നിരുന്നതിനാൽ കൂടുതൽ മതമർദ്ദനങ്ങളൊന്നും ഉണ്ടായില്ല. എങ്കിലും ഓർത്തഡോക്സ്കാരല്ലാത്ത ക്രൈസ്തവർക്കു ഭീകരമായ യാതനകൾ സഹിക്കേണ്ടിവന്നു. അതൊന്നും ഇവിടെ പ്രസ്താവിക്കുന്നില്ല.

## ഇന്നത്തെ റഷ്യൻഓർത്തഡോക്സ്സഭ

ഇന്നു റഷ്യൻസഭയുടെ പരമാധികാരി പാത്രിയർക്കീസ് അലക്സിസ് തിരുമേനിയാണ്. റഷ്യയിൽത്തന്നെ

www.malankaralibrary.com


അദ്ദേഹത്തിൻെറ ഭരണസീമയിൽ അഞ്ചുകോടിയോളം ഓർത്തഡോക്സ്കാരുണ്ട്. ചൈന, കൊറിയ, ലിത്വാനിയ, എസ്റ്റോനിയ എന്നീ സ്ഥലങ്ങളിലെ ഓർത്തഡോക്സ്ജനതയും അദ്ദേഹത്തിൻെറ ആദ്ധ്യാത്മികാധികാരത്തിൻകീഴിലാണ്. എല്ലാംകൂടി ആകെ 125,000,000 ഓർത്തഡോക്സ്കാർ. അലക്സിസ് തിരുമേനി ക്രൈസ്തവൈക്യത്തെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നുണ്ട്. കോൺസ്റ്റാൻറിനോപ്പിളിൻെറ അഭിപ്രായത്തെ ആദരിക്കാതെതന്നെ, വത്തിക്കാൻസൂനഹദോസിലേക്ക് അതിൻെറ ആദ്യസമ്മേളനംമുതൽ അദ്ദേഹം നിരീക്ഷകപ്രതിനിധികളെ അയക്കുന്നുണ്ട്(1).

## 2) സെർബിയ

1346-ലാണ് സെർബിയ ഒരു പാത്രിയർക്കാസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടത്. ഗ്രീക്കുകാരുടെ ഇടപെടൽകൊണ്ടു തുർക്കിസുൽത്താന്മാർ ചിലപ്പോഴെല്ലാം സെർബിയാ പാത്രിയർക്കാസ്ഥാനം നിർത്തിക്കളയുകയും പുനഃപ്രതിഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്.

ഇന്നു സെർബിയായുടെ പാത്രിയർക്കീസ് ജർമ്മാനസ് തിരുമേനിയാണ്. യുഗോസ്ലാവിയായിലും സമീപരാജ്യങ്ങളിലുമായി അദ്ദേഹത്തിൻെറ അധികാരത്തിൻ കീഴിൽ 8,500,000 ഓർത്തഡോക്സ്കാരുണ്ട്.

---

(1) നിരീക്ഷകരെ അയക്കുന്നതുസംബന്ധിച്ച മോസ്കോയും കോൺസ്റ്റാൻറിനോപ്പിളും തമ്മിൽ നടന്ന വടംവലിയുടെ രസകരമായ ഒരു വിവരണം 1963 മാർച്ചിലെ അമേരിക്കൻ ഇക്ളീസിയാസ്റ്റിക്കൽ റിവ്യൂവിൽ കൊടുത്തിട്ടുണ്ട്. Cf. GEORGE A. HALONEY, S. J., *Coldwar among the Orthodox*.

www.malankaralibrary.com



## 3) ബൾഗേറിയ

ബൾഗേറിയൻജനത കോൺസ്റ്റാൻറിനോപ്പിളിൻേറയും റോമിൻേറയും ആധ്യാത്മികനേതൃത്വം മാറിമാറി സ്വീകരിച്ചിട്ടുണ്ട്. പത്താംനൂററാണ്ടിലാണ്, മാർപ്പാപ്പാ ബൾഗേറിയായെ ഒരു പാത്രിയാർക്കാസ്ഥാനമായി ഉയർത്തിയതു്. പിന്നീട്ട പലപ്രാവശ്യം ബൾഗേറിയായുടെ പാത്രിയാർക്കാസ്ഥാനം നിർത്തിക്കളയുകയും വീണ്ടും പ്രതിഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ഇന്നു ബൾഗേറിയയെ ഭരിക്കുന്ന സിറിൽ ലൂക്കാരിയോസ്തിരുമേനിയുടെ കീഴിൽ 6,000,000 ഓർത്തഡോക്സ്കാരുണ്ട്.

## 4) റുമേനിയ

ലാററിൻആരാധനക്രമങ്ങൾ അനുഷ്ഠിച്ചുപോന്ന റുമേനിയൻജനത ഒൻപതാംനൂററാണ്ടുമുതൽ കോൺസ്റ്റാൻറിനോപ്പിളിൻെറ നിയന്ത്രണത്തിൽവന്നു. അന്നുമുതൽ പൗരസ്ത്യറീത്താണ് അവർ ആചരിക്കുന്നതു്. 1865-ൽ റുമേനിയ ഒരു സ്വതന്ത്രസഭയായി പ്രഖ്യാപിക്കപ്പെട്ടു. ഇന്ന് റുമേനിയായുടെ പാത്രിയർക്കീസ് ജസ്റ്റീനിയൻമെത്രാപ്പോലീത്തയാണ്. അദ്ദേഹത്തിൻെറ ആസ്ഥാനം കപ്പദോച്ചിയായിലെ സീസറിയായിലും. അദ്ദേഹത്തിൻെറ ആദ്ധ്യാത്മികഭരണത്തിൻകീഴിലുള്ളതു് 14,000,000 ഓർത്തഡോക്സ്കാരാണ്.

## 5) ജോർജ്ജിയ

ഇബേറിയൻജനത അഥവാ ജോർജിയൻജനത നാലാം നൂററാണ്ടിൽത്തന്നെ ക്രിസ്ത്യാനികളായി. ഏഴാംനൂററാണ്ടുമുതൽ അവരെ നയിച്ചിരുന്നതു് കോൺസ്റ്റാൻറിനോപ്പിളാണ്. തുടർച്ചയായി വിദേശിയാക്രമണങ്ങളോട്

www.malankaralibrary.com



എതിർത്തുനിന്ന ശക്തിക്ഷയിച്ച അവർ പേർഷ്യൻ ആക്രമണത്തെ നേരിടാൻ റഷ്യയുടെ സഹായം അപേക്ഷിച്ചു. പക്ഷേ, ഈയവസരം ഉപയോഗിച്ച റഷ്യ ജോർജിയായെ കീഴടക്കി. വിപ്ളവത്തിനുശേഷം 1918-ൽ ജോർജിയൻരാഷ്ട്രവും സഭയും റഷ്യയുടെ അധീശത്വത്തിൽനിന്ന സ്വാതന്ത്ര്യം പ്രാപിച്ചു. എന്നാൽ, 1924-ൽ ബോൾഷെവിക്കുകാർ ജോർജിയായെ വീണ്ടും കീഴടക്കി, പിന്നീടു നടന്നതു ഭീകരമായ മതമർദ്ദനമാണു്. ധീരന്മാരായ ജോർജിയാക്കാർ മർദ്ദനങ്ങളെയെല്ലാം അവസാനംവരെ ചെറുത്തുനിന്നു. നിരന്തരമായ പരിശ്രമങ്ങളുടെ ഫലമായി ഇന്നവർക്കു് ഒരുവിധത്തിലുള്ള സ്വാതന്ത്ര്യം ലഭിച്ചിട്ടുമുണ്ടു്.

മെല്ക്കിസദേക്ക് മൂന്നാമൻതിരുമേനിയാണു് ഇന്നു ജോർജിയായുടെ പാത്രിയർക്കീസ്. 2,000,000 ഓത്തഡോക്സ്കാരാണു് അദ്ദേഹത്തിൻെറ കീഴിലുള്ളതു്.

## മററു് ഓത്തഡോക്സ്സഭകൾ

വി. പൗലോസിൻെറ സഹപ്രേഷിതനായിരുന്ന വി. ബർണ്ണബാസിൻെറ നാടാണു സൈപ്രസ്. വി. എപ്പിഫാനിയൂസ് സൈപ്രസിലെ മെത്രാനായിരുന്നു. ഏഴാംനൂററാണ്ടു മുതൽ പത്താംനൂററാണ്ടുവരെ അവർക്കു പലപ്രാവശ്യം മുസ്ലീംഭരണത്തിലിരിക്കേണ്ടിവന്നിട്ടുണ്ടു്. 1191–ൽ കുരിശുയുദ്ധത്തിനു വന്ന റിച്ചാർഡ്‌രാജാവു് സൈപ്രസ് കീഴടക്കി. പിന്നീടു നാലു നൂററാണ്ടുകാലം അവർ പാശ്ചാത്യഭരണത്തിലായിരുന്നു. പതിനാറാംനൂററാണ്ടിൽ തുർക്കികൾ സൈപ്രസ് കൈവശമാക്കി; മതപീഡനവും തുടങ്ങി. ഈ മതപീഡനത്തിൽനിന്നു സൈപ്രസ്ജനത മോചനം പ്രാപിച്ചതു 1878-ൽ ബ്രിട്ടീഷുകാർ സൈപ്രസ് കൈവശമാക്കിയശേഷമാണു്. 1931 മുതൽ സൈപ്രസ് സ്വാതന്ത്ര്യസമരം തുടങ്ങി. 1950-ൽ ആർച്ചുബിഷപ്പ്‌മക്കാരിയോസ്

www.malankaralibrary.com



രംഗത്തു വന്നതോടെ സൈപ്രസ് സ്വാതന്ത്ര്യത്തിന്റെ ശീതളവായു ശ്വസിച്ചുതുടങ്ങി. 1960-ൽ ഒരു സ്വതന്ത്രപരമാധികാരറിപ്പബ്ളിക്കായ സൈപ്രസിന്റെ ഭരണഘടന പ്രാബല്യത്തിൽവന്നു. ആർച്ചുബിഷപ്പ് മക്കാരിയോസ് സൈപ്രസിന്റെ പ്രഥമ പ്രസിഡണ്ടായി പ്രഖ്യാപിക്കപ്പെട്ടു. ഇന്നു തുർക്കിവംശജരും ഗ്രീക്കവംശജരും തമ്മിൽ സൈപ്രസിൽനടക്കുന്ന സമരവും തുർക്കിയുടെ ഇടപെടലും സൈപ്രസിന്റെ സ്വാതന്ത്ര്യത്തിനൊരു ഭീഷണിയാണ്. ആർച്ചുബിഷപ്പ് മക്കാരിയോസ് തന്നെയാണ് സൈപ്രസിന്റെ ആദ്ധ്യാത്മികനേതാവും. അവിടത്തെ 544,000 ജനങ്ങളിൽ 408,000 പേരും ഓർത്തഡോക്സുകാരാണ്.

സീനാമലയിലെ വി. കാതറൈന്റെ ആശ്രമമാണ് ഓർത്തഡോക്സ് സഭയിലെ ഏററം ചെറിയ സഭ. അവിടത്തെ ആശ്രമശ്രേഷ്ഠനാണ് സീനാസഭയുടെ മെത്രാപ്പോലീത്താ. അദ്ദേഹത്തിന്റെ കീഴിൽ സന്യാസികളും അല്മായരുമടക്കം നൂറോളം ഓർത്തഡോക്സ്കാരേയുള്ളു.

എട്ടാംനൂററാണ്ടുവരെ ഗ്രീസിലെ സഭ മാർപ്പാപ്പായുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു. പൗരസ്ത്യചക്രവർത്തിയായ ലെയോമൂന്നാമനാണ് ഗ്രീസിനെ കോൺസ്റ്റാൻറിനോപ്പിളിന്റെ ഭരണസീമയിൽ കൊണ്ടുവന്നതു്. 1833-ൽ നാവ്പ്ളിയായിൽ സമ്മേളിച്ച ബിഷപ്സ് കോൺഫ്രൻസ് ഗ്രീക്കുസഭയുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഏഥൻസ് മെത്രാപ്പോലീത്തയായ ക്രിസോസ്റ്റോമസ് തിരുമേനിയാണ് ഗ്രീക്കുസഭയുടെ ഇപ്പോഴത്തെ തലവൻ. 7,350,000 ഓർത്തഡോക്സുകാരുണ്ട് അദ്ദേഹത്തിന്റെ കീഴിൽ.

അൽബേനിയൻസ്വതന്ത്രദേശീയസഭയുടെ ഇപ്പോഴത്തെ മെത്രാപ്പോലീത്താ പെസ്സീയൂസ് തിരുമേനിയാണ്. അദ്ദേഹത്തിന്റെ ഭരണത്തിൽ 210,000 ഓർത്തഡോക്സുകാരുണ്ട്.

www.malankaralibrary.com



പോളണ്ടിൽ ആകെ 450,000 ഓർത്തഡോക്സുകാരുണ്ട്. അവരുടെ നേതാവാണ് മക്കാരിയോസ് മെത്രാപ്പോലീത്ത.

ആർച്ചുബിഷപ്പ് ജെർമ്മാനസ് തിരുമേനിയാണ് 70,000 ഓർത്തഡോക്സുകാരുള്ള ഫിൻലാൻറിലെ സഭയുടെ അധ്യക്ഷൻ.

വിസ്തൃതമായ ഹംഗറിയിൽ ആകെ 50,000 ഓർത്തഡോക്സുകാരേയുള്ളു.

1860-ൽ ആരംഭിച്ചതാണു ജപ്പാനിലെ ഓർത്തഡോക്സ് സഭ. 1941 മുതൽ ജപ്പാൻസഭ സ്വതന്ത്രയാണ്. ആർച്ചുബിഷപ്പ് ജോൺ നിക്കോളാസിൻെറ കീഴിൽ 35000 ഓർത്തഡോക്സ്കാർ ഇന്നു ജപ്പാനിലുണ്ട്.

കത്തോലിക്കാരാഷ്ട്രമായ ചെക്കോസ്ലോവാക്കിയായിൽ ഒന്നാം ലോകമഹായുദ്ധത്തിനുശേഷമുണ്ടായ ദേശീയസഭയാണ് പിന്നീട് അവിടത്തെ ഓർത്തഡോക്സ് സഭയായി രൂപം പ്രാപിച്ചതു്. സെർബിയൻപാത്രിയർക്കീസിൻെറ അനുഗ്രഹാശിസ്സോടെ വളർന്നുവന്ന ഈ ചെക്കുസഭ 1946-ൽ മോസ്ക്കോ പാത്രിയർക്കീസിൻെറ അധീനത്തിലായി. 1951 മുതൽ ഓട്ടോസെഫാലസായി തുടരുകയാണ് ആ സഭ. ഇന്നു 36,0000 ഓർത്തഡോക്സ്കാരുണ്ട് ചെക്കോസ്ലോവാക്കിയായിൽ.

## അമേരിക്കയിലെ ഓർത്തഡോക്സ് ജനത

പതിനെട്ടാംനൂററാണ്ടിൻെറ ഉത്തരാർദ്ധംമുതൽ അടുത്തകാലംവരെ റഷ്യ, ഗ്രീസ്, സിറിയ, സെർബിയ, റുമേനിയ, തുർക്കി തുടങ്ങിയ രാജ്യങ്ങളിൽനിന്നു് അമേരിക്കയിൽ കുടിയേറിപ്പാർത്തവരാണ് അമേരിക്കൻഓർത്തഡോക്സുകാർ. യു. എസ്സ്. എ., കാനഡ, അലാസ്ക, തെക്കെ അമേരിക്ക മുതലായ പ്രദേശങ്ങളിൽ ഒററതിരിഞ്ഞും ഒരുമി

www.malankaralibrary.com



ച്ചും കഴിഞ്ഞുകൂടുകയാണവർ. തങ്ങളുടെ മാതൃരാജ്യത്തേ സഭാകേന്ദ്രത്തിന്റെ അധികാരത്തിനു വഴങ്ങിക്കൊടുക്കുന്നവരും സ്വതന്ത്രഅമേരിക്കൻഓർത്തഡോക്സ്സഭകളോടു ചേർന്നുനില്ക്കുന്നവരും എങ്ങുംതൊടാതെ നാമമാത്രഓർത്തഡോക്സുകാരായി ജീവിക്കുന്നവരും അവരുടെയിടയിലുണ്ട്. അമേരിക്കയിലെ ഓർത്തഡോക്സ്ജനതയെമുഴുവൻ ഒരുമിച്ചുനിർത്താൻ പല ശ്രമങ്ങൾ നടന്നെങ്കിലും എല്ലാം പരാജയപ്പെടുകയാണു ചെയ്തതു്. അവസാനം, 1960–ൽ സഭാനേതാക്കന്മാർ ഐകകണ്ഠ്യമായൊരു തീരുമാനമെടുത്തു, അമേരിക്കയിലെ ഓർത്തഡോക്സുസഭകളുടെ ഒരു സ്ഥിരംകമ്മററി രൂപീകരിക്കാൻ.

യൂ. എസ്സ്. എ.യിലും കാനഡയിലുംകൂടി അൻപതുലക്ഷത്തോളം ഓർത്തഡോക്സ്കാരുണ്ടെന്നാണു കണക്കുകൾ വെളിപ്പെടുത്തുക. തെക്കേ അമേരിക്കയിലേയും അലാസ്കയിലേയും ഓർത്തഡോക്സ്സഭയുടെ അംഗസംഖ്യ ഇതുവരെ ശരിക്കറിവായിട്ടില്ല.

## ബൈസന്റൈൻറീത്തു്

ഓർത്തഡോക്സ്ലോകംമാത്രമല്ല മദ്ധ്യപൗരസ്ത്യദേശത്തേ എഴുപത്തെട്ടു ലക്ഷത്തോളം കത്തോലിക്കാജനതയും ആചരിച്ചുപോരുന്ന ഒരു റീത്തുണ്ട് — ബൈസന്റൈൻറീത്തു്. ബൈസാൻസിയത്തിലും പരിസരങ്ങളിലും വികസിച്ചു രൂപപ്പെട്ട റീത്തായതുകൊണ്ടാണു് ബൈസന്റൈൻറീത്തെന്ന പേരു വന്നതു്. ബൈസാൻസിയമെന്നതു്, ഇന്നു ഈസ്താമ്പൂൾ എന്നറിയപ്പെടുന്ന കോൺസ്റ്റാൻറിനോപ്പിളിന്റെ പഴയ പേരാണു്.

മഹാനായ വിശുദ്ധബാസിലാണു ബൈസന്റൈൻറീത്തിന്റെ ഉപജ്ഞാതാവു്. വി. ജോൺ ക്രിസോസ്തോം

www.malankaralibrary.com


അതിൽ ചില പരിഷ്കാരങ്ങളെല്ലാം വരുത്തി. ക്രിസോസ്റ്റോമിൻെറ ആരാധനക്രമങ്ങൾ ഒന്നുകൂടി നവീകരിച്ചെടുത്തതാണു് ഇന്നത്തെ രൂപം. എങ്കിലും പഴയ ആരാധനക്രമങ്ങളൊന്നും ഉപേക്ഷിച്ചുകളഞ്ഞിട്ടില്ല. ഉപേക്ഷിച്ചിട്ടില്ലെന്നു മാത്രമല്ല, ബാസിലിൻെറ പഴയ ആരാധനക്രമങ്ങൾ ആണ്ടുവട്ടത്തിൽ പത്തുപ്രാവശ്യം അനുഷ്ഠിച്ചുപോരുന്നുമുണ്ടു്.

ബാസിലിൻേറയും ക്രിസോസ്റ്റോമിൻേറയും ആരാധനക്രമങ്ങൾക്കുപുറമേ, 'മുൻവിശുദ്ധീകരണം നടത്തിയ സമ്മാനങ്ങളുടെ ആരാധനക്രമ'മെന്ന പേരിൽ മറെറാന്നുകൂടിയുണ്ടു്. എടുത്തുപറയത്തക്ക ഒരു പ്രത്യേകതയേ അതിനുള്ളു: തലേ ഞായറാഴ്ച കൂദാശചെയ്തു് അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ സൂക്ഷിച്ചുവയ്ക്കുന്ന ദിവ്യകാരുണ്യം വിശ്വാസികൾക്കു വിതരണംചെയ്യുകയെന്നതാണതു്. അൻപതുനോയമ്പിൽ, ഞായറാഴ്ചകളും ശനിയാഴ്ചകളും മംഗലവാർത്തയുടെ തിരുനാൾദിവസവുമൊഴിച്ചുള്ള ദിവസങ്ങളിലാണു് ഈ ആരാധനക്രമം അനുഷ്ഠിക്കുക.

ബൈസൈൻെറൻറീത്തിൽ ലിററർജി അഥവാ ആരാധനക്രമമെന്നു പറയുമ്പോൾ ദിവ്യബലിയെന്നാണു മനസ്സിലാക്കേണ്ടതു്. സമൂഹബലിയർപ്പണം അവർക്കു സാധാരണമാണു്. മെത്രാനോ സമൂഹത്തിലെ ശ്രേഷ്ഠനോ പ്രധാനകാർമ്മികത്വം വഹിച്ചു പ്രാർത്ഥനകൾ സ്വരമുയർത്തിച്ചൊല്ലുന്നു; സഹകാർമ്മികന്മാർ സ്വരം താഴ്ത്തിയും. വൈദികന്മാരെല്ലാവരുംകൂടി ഒരുമിച്ചാണു് കൂദാശവചനങ്ങൾ ഉച്ചരിക്കുക. എല്ലാവരും അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ ദിവ്യകാരുണ്യം ഉൾക്കൊള്ളും. അങ്ങനെ, ബലിയർപ്പണത്തിൽ സഹകരിക്കുന്ന ഓരോ വൈദികനും യഥാർത്ഥമായും വാസ്തവമായും ദിവ്യബലിയർപ്പിക്കുന്നു. സമൂഹബലിയർപ്പണം രണ്ടാംവത്തിക്കാൻസൂനഹദോസ് കത്തോലിക്കാസഭയിൽ പുനരുദ്ധരിച്ചിട്ടുണ്ടു്. ബോംബെദിവ്യ

www.malankaralibrary.com



കാരുണ്യകോൺഗ്രസിൽ സമൂഹസഹബലിയർപ്പണം സർവ്വ സാധാരണമായിരുന്നു. പൗരോഹിത്യംസ്വീകരിച്ചശേഷം സെമിനാരികളിൽ പഠനം തുടരുന്നവരും ഇപ്പോൾ സമൂഹ ബലിയാണു് സാധാരണയർപ്പിക്കുക.

മററു പൗരസ്ത്യറീത്തുകളിലെ ആരാധനക്രമത്തിൽനിന്നു വളരെയൊന്നും വ്യത്യസ്തമല്ല ബൈസൈൻറൻറീത്തിലെ ആരാധനക്രമം. ദൈവാലയത്തിൽ മദ്ബഹായേയും പള്ളിയകത്തേയും ഭവർതിരിക്കുന്ന ഒരു മറയുണ്ടു്. മനോഹരമായ ഐക്കോൺ ചിത്രങ്ങളാൽ അലംകൃതമായിരിക്കും ഈ മറ. ഇവിടെയാണു് ആരാധനക്രമത്തിൻെറ സമയത്തു ഡീക്കൻ നില്ക്കുക. ദിവ്യബലിയർപ്പിക്കുന്ന പുരോഹിതനേയും ബലിയിൽസ്സംബന്ധിക്കുന്ന ജനങ്ങളേയും തമ്മിൽ ബന്ധിക്കുന്ന കണ്ണിയായിട്ടാണു ഡീക്കൻെറ നിലപാടു്. ഡീക്കനില്ലാത്തപ്പോൾ പുരോഹിതൻ ഒരു പാട്ടുകാരൻെറ സഹായത്തോടെ എല്ലാഭാഗങ്ങളും ഉച്ചത്തിൽ പാടുകയോ ചൊല്ലുകയോ ചെയ്യണം. ആരാധനക്രമത്തിൽ പുരോഹിതനൊരിക്കലും ഡീക്കൻെറ ഭാഗം വഹിക്കുകയില്ല. ഡീക്കനില്ലെങ്കിൽ, ഒരല്മായനായിരിക്കും ദിവ്യബലിസമയത്തു ലേഖനം വായിക്കുക.

രഹസ്യപ്രാർത്ഥനകളുടെ അവസാനഭാഗത്തു പുരോഹിതൻ സ്വരമുയർത്തുന്നു. പാട്ടുകാർ "ആമ്മേൻ" എന്നു മറുപടി പാടും. കുരിശുചെയ്തുകഴിഞ്ഞു കാസായും പീലാസായും കുരിശാകൃതിയിലാക്കിയ കരങ്ങളിലുയർത്തുന്നതു ബൈസൈൻറൻറീത്തിലെ ഒരു സ്ലാവോണിക്കരീതിയാണു്. ഇതല്ലാതെ, ഇതിനുശേഷം ഒരിക്കൽക്കൂടി വി. കുർബ്ബാന എഴുന്നള്ളിച്ചുയർത്തുന്നുണ്ടു്. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥനയുടെ അവസാനം "എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും എപ്പോഴും എന്നേയ്ക്കും നിൻേറതാകുന്നു, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ആമ്മേൻ" എന്ന ഭാഗംകൂടിയുണ്ടു്. ആരാധനക്രമ

www.malankaralibrary.com


മത്തിന്റെ അവസാനത്തിൽ വാഴ്ത്തിയ അപ്പം ദിവ്യകാരു ണ്യം സ്വീകരിക്കാത്തവർക്കു വിതരണംചെയ്യുകയെന്നൊരു പ്രത്യേകതകൂടിയുണ്ട്.

## കാനോനനമസ്കാരം

റോമൻറീത്തിലെപ്പോലെ ബൈസന്റൈൻറീത്തിലും പുരോഹിതന്മാർ കാനോനനമസ്കാരം എത്തിക്കുന്നുണ്ട്. എന്നാൽ, നമസ്കാരമെത്തിക്കണമെന്ന കർക്കശനിയമമൊന്നുമവർക്കില്ല. തങ്ങളുടെ പരിശുദ്ധമായ പാരമ്പര്യമനുസരിച്ചു നമസ്കാരങ്ങൾ മുടക്കംകൂടാതെ എത്തിക്കാൻ അവർ ശ്രദ്ധാലുക്കളാണ്. സങ്കീർത്തനങ്ങളും മനോഹരങ്ങളായ മററു പല നമസ്കാരങ്ങളും കോർത്തിണക്കി വിരചിതമായിരിക്കുന്ന ബൈസന്റൈൻകാനോനനമസ്കാരങ്ങൾ സുദീർഘങ്ങളാണ്—പാടുകയാണെങ്കിൽ എട്ടുമണിക്കൂറെടുക്കും. അതുകൊണ്ട്, ഓരോവൈദികനും സൗകര്യമായി എത്തിക്കാൻ സാധിക്കുന്നേടത്തോളം നമസ്കാരം എത്തിച്ചാൽ മതിയെന്നാണു സഭയുടെ തീരുമാനം. പക്ഷേ, എത്തിക്കുന്നിടത്തോളം നന്നായിരിക്കണം; ദൈവതിരുമുമ്പാകെ സ്വീകാര്യവുമായിരിക്കണം.

## കൂദാശകൾ

ബൈസന്റൈൻറീത്തനുസരിച്ചു കൂദാശകൾ പരികർമ്മം ചെയ്യുന്നതിൽ ചില സവിശേഷതകളൊക്കെയുണ്ട്. മാമ്മോദീസാ നല്കുമ്പോൾ, പുരോഹിതൻ മാമ്മോദീസായുടെ കൂദാശവചനങ്ങൾ ഉച്ചരിച്ചുകൊണ്ടു ശിശുവിനെ ജലം നിറച്ച തൊട്ടിയിൽ മൂന്നുപ്രാവശ്യം മുക്കുന്നു. ഉടൻതന്നെ ശിശുവിനു്, വിശുദ്ധതൈലംപൂശി മൂറോൻ (സ്ഥിരീകരണം) എന്ന കൂദാശയും കൊടുക്കുന്നു. വി. കുർബ്ബാന സ്വീക

www.malankaralibrary.com


രിക്കുന്നതാകട്ടേ, അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിലാണു്. കുമ്പസാരത്തിനുമുമ്പു പുരോഹിതനും അനുതാപികളുംകൂടി ക്രിസ്തുവിൻെറ ഐക്കോൺചിത്രത്തിനു മുമ്പിൽ പ്രാർത്ഥിക്കും. പിന്നീടു്, ഓരോരുത്തരായി പുരോഹിതനെ സമീപിച്ചു പാപങ്ങൾ ഏററു പറഞ്ഞു മോചനം പ്രാപിക്കുന്നു. രോഗിലേപനം (അന്ത്യലേപനം) എന്ന കൂദാശ ഏഴു പുരോഹിതന്മാർകൂടി രോഗിയുടെ ഏഴു ശരീരഭാഗങ്ങൾ പൂശിക്കൊണ്ടു നല്കണമെന്നാണു് പുരാതനനിയമം. എന്നാൽ, ഇതു വളരെ പ്രായോഗികമല്ലാത്തതുകൊണ്ടു സാധാരണസന്ദർഭങ്ങളിൽ ഒരു പുരോഹിതൻ മതിയെന്നാണു നിശ്ചയിച്ചിട്ടുള്ളതു്. പൗരോഹിത്യത്തെസ്സംബന്ധിച്ചിടത്തോളം വായനക്കാരൻ, സബ്ഡീക്കൻ, ഡീക്കൻ, പുരോഹിതൻ, മെത്രാൻ എന്നിങ്ങനെ അഞ്ചു പദവികളാണുള്ളതു്. പുരാതനമായ നിത്യഡീക്കന്മാരുടെ സമൂഹം ഇന്നും ബൈസൈൻറൻറീത്തിൽ സാധാരണമാണു്. കത്തോലിക്കാസഭയിലും നിത്യഡീക്കന്മാരുടെ വൈദികഗണത്തെ നിലനിർത്താൻ രണ്ടാംവത്തിക്കാൻസൂനഹദോസ് തീരുമാനിച്ചിട്ടുണ്ടല്ലോ.

ആരാധനക്രമത്തിൻെറ സമയത്തായിരിക്കും പൗരോഹിത്യസ്വീകരണം നടക്കുക. പുതുതായി പൗരോഹിത്യം സ്വീകരിക്കുന്നവർ മെത്രാനോടുകൂടെ സമൂഹബലിയർപ്പിക്കുന്നു. മെത്രാനെ അഭിഷേചനം ചെയ്യുമ്പോഴാകട്ടേ, സഹകാർമ്മികന്മാരായി രണ്ടുമെത്രാന്മാരെങ്കിലും ആവശ്യകമാണു്.

വിവാഹമെന്ന കൂദാശയുടെ ക്രമങ്ങൾ മററു റീത്തുകളെയപേക്ഷിച്ചു കൂടുതൽ അർത്ഥവത്താണു്. പുരോഹിതൻ വിവാഹാർത്ഥികളുടെ സ്വാതന്ത്ര്യസമ്മതം ശ്രവിച്ചശേഷം അവർക്കു് ഓരോ കത്തുന്ന മെഴുകുതിരികൾ കൊടുക്കുന്നു. എന്നിട്ടു്, അവരെ ധൂപിക്കുകയും ആശീർവ്വദിക്കുകയുംചെയ്യുന്നു. ഗായകസംഘം വിശുദ്ധഗ്രന്ഥത്തിലേ വിവാഹത്തെസ്സംബന്ധിക്കു

www.malankaralibrary.com


ന്ന രാഗങ്ങൾ ശ്രുതിമധുരമായ സ്വരവൈവിദ്ധ്യത്തിൽ പാടിക്കൊണ്ടിരിക്കെ പുരോഹിതൻ വിവാഹത്തിന്റെ പ്രത്യേകപ്രാർത്ഥന ചൊല്ലിക്കൊണ്ടു വിവാഹിതരാകുന്നവരെ മോതിരമണിയിക്കും. രത്നഖചിതമായ രണ്ടു കിരീടങ്ങൾ നവദമ്പതികളെ ധരിപ്പിക്കുകയാണ് അടുത്ത ചടങ്ങ്. വിവാഹിതർ ഒരേ പാനപാത്രത്തിൽനിന്ന് ആശീർവദിച്ച ദ്രാക്ഷാരസം മൂന്നുപ്രാവശ്യം കുടിക്കുന്നു. അവർ ജീവിതത്തിലെ സുഖദുഃഖങ്ങൾ ഒരുമിച്ചനുഭവിക്കുമെന്നതിന്റെ സൂചനയാണിത്. അവസാനമായി പുരോഹിതൻ അവരെ വിശുദ്ധകുരിശിന്റേയും വേദപുസ്തകത്തിന്റേയും ചുററും മൂന്നുപ്രാവശ്യം പ്രദക്ഷിണം വയ്പിക്കുന്നതോടെ വിവാഹക്രമങ്ങൾ അവസാനിക്കുന്നു.

പൊതുവേ പറഞ്ഞാൽ, ബൈസൈൻറൻറീത്തിലെ ആരാധനക്രമങ്ങളും മററുകർമ്മാനുഷ്ഠാനങ്ങളും സുദീർഘങ്ങളാണ്. അതുകൊണ്ട് അപരിചിതരായ സന്ദർശകർ പലപ്പോഴും അക്ഷമപ്രദർശിപ്പിക്കാറുണ്ട്. എന്നാൽ, ഇത്ര അർത്ഥസമ്പുഷ്ടവും പാരമ്പര്യനിഷ്ഠവുമായ ക്രമങ്ങൾ മററുറീത്തുകളിൽ വിരളമാണ്.

## ഓർത്തഡോക്സ് സഭ — ചില പ്രത്യേകതകൾ (*)

### സഭകളും സഭയും

സ്വയംഭരണമുള്ളതും മററുസഭകളിൽനിന്നു സ്വാതന്ത്ര്യവുമായ പല ദേശീയസഭകളായി പരിണമിച്ചിരിക്കുകയാ

(*) for further information cf. ARCHDALE KING *The Rites of the Eastern Christendcm*, Vol. II, Rome, 1948. ATTWATTER, DONALD, *The Christian churches of the East*, Vol. II, London, 1961.

www.malankaralibrary.com



ണ്, ഇന്നത്തെ ഓർത്തഡോക്സ്ലോകം. അവരുടെ ഐക്യത്തിന്റെ തത്വം പരിപൂർണ്ണമായും ആന്തരികമാണ്. കത്തോലിക്കതിരുസ്സഭയിലെ പ. സിംഹാസനംപോലെ ബാഹ്യമോ നൈയാമികമോ ആയ മേലധികാരസ്ഥാനമൊന്നും അവർക്കില്ല. എന്നിരിക്കിലും, വിശ്വാസത്തിലും സാന്മാർഗ്ഗികനിയമങ്ങളിലും ആരാധനക്രമത്തിലും അവർ സവിശേഷമായ ഐക്യം പുലർത്തിപ്പോരുന്നു.

വിവിധഓർത്തഡോക്സ്സഭകളെ ഓട്ടോസെഫാലസ് (Autocephalous)സഭകളെന്നും ഓട്ടോണമസ് (Autonomous) സഭകളെന്നും രണ്ടായി തിരിക്കാം. ഓട്ടോസെഫാലസ്സഭകൾക്ക സ്വയംഭരണവും അതാതുസഭയ്ക്കുള്ളിൽ പരമാധികാരവുമുണ്ട്. ഈ സഭകൾ കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസിന്റെ പരമാധികാരത്തെ അംഗീകരിക്കായ്കയില്ല; പക്ഷേ, നാമമാത്രമായ ഒരംഗീകാരമാണത്. അവയുടെ എണ്ണം പതിന്നാലോ അതിലധികമോ ആണ്. ഓട്ടോണമസ്സഭകളാകട്ടേ, സാർവ്വത്രികപാത്രിയർക്കീസിന്റെ നിയന്ത്രണത്തിലാണ്; അവയ്ക്കു സ്വയംഭരണവുമുണ്ട്. ആ സഭകൾ ക്രമേണ ഓട്ടോസെഫാലസ്സഭകളായി രൂപാന്തരം പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നു നാലോളം സഭകളേ ഓട്ടോണമസായി അറിയപ്പെടുന്നുള്ളു.

## എക്യുമേനിക്കൽപാത്രിയർക്കീസ് (Oecumenical Patriarch)

കോൺസ്റ്റാൻറിനോപ്പിളിലേ പാത്രിയർക്കീസാണ് ഓർത്തഡോക്സ്സഭകളുടെയെല്ലാം തലവൻ. എക്യുമേനിക്കൽപാത്രിക്കീസ് എന്ന പേരിലാദ്ദേഹം അറിയപ്പെടുക. എന്നാൽ, കത്തോലിക്കാസഭയിലേ മാർപ്പാപ്പയുടേതുപോലുള്ള അധികാരമൊന്നും അദ്ദേഹത്തിനില്ല. ഓർത്തഡോക്സ് ലോകത്താകെ പരമാധികാരം സ്ഥാപിച്ചുകിട്ടാൻ ചില പാ

www.malankaralibrary.com



ത്രിയക്കീസുമാർ ശ്രമിച്ചിട്ടുണ്ട്. ചിലരൊക്കെ ഭാഗികമായി വിജയിക്കുകയും ചെയ്തു. 1663-ൽ സാർചക്രവത്തിയായിരുന്ന അലക്സിസ് അന്വേഷിക്കുകയുണ്ടായി, ഓർത്തഡോക്സ് സഭകളുടെ അവസാനത്തെ അപ്പീൽക്കോടതി എവിടെയാണെന്ന്. അതിന്ന്, ഡയനോഷ്യസ് പാത്രിയക്കീസും അലക്സാന്ത്രിയ, അന്ത്യോക്യ, യരുസലം എന്നീ സിംഹാസനങ്ങളിലെ പാത്രിയക്കീസുമാരുംകൂടി നല്കിയ മറുപടി ഇപ്രകാരമാണ്: "മാർപ്പാപ്പയുടെ അഹങ്കാരവും സങ്കുചിതമനഃസ്ഥിതിയുംകാരണം സാർവത്രികസഭ പിളക്കപ്പെടുന്നതിനു മുമ്പ് ആ വിശേഷാധികാരം റോമിലെ മാർപ്പാപ്പയ്ക്കായിരുന്നു. അതിനുശേഷം ആ പദവി കോൺസ്റ്റാൻറിനോപ്പിൾ സിംഹാസനത്തിന്റേതാണ്" (1).

ഇന്നു കോൺസ്റ്റാൻറിനോപ്പിൾപാത്രിയക്കീസിനു മററു പാത്രിയക്കീസുമാരെക്കാൾ കൂടുതൽ അധികാരമുണ്ട്; പക്ഷേ, അതു ബഹുമാനത്തിന്റേതായ ഒരു ഉന്നതാധികാരമേ ആകൂ. സഭാസംബന്ധമായ തീരുമാനങ്ങൾ എടുക്കാൻ ഇതരപാത്രിയക്കീസുമാർ എക്യുമേനിക്കൽപാത്രിയക്കീസിന്റെ ഉപദേശം തേടാറുണ്ട്. ഓർത്തഡോക്സ് ജനതയ്ക്കാവശ്യമുള്ള വിശുദ്ധതൈലം വെഞ്ചരിക്കാൻ എക്യുമേനിക്കൽപാത്രിയക്കീസിനേ അധികാരമുള്ളു. ഇന്നാണെങ്കിൽ, മററു പാത്രിയക്കീസുമാരും ആ പ്രത്യേകാധികാരം ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്. (2) ഓർത്തഡോക്സുസഭകളുടെ ഒരു സാർവ്വത്രികസൂനഹദോസ് വിളിച്ചുകൂട്ടാനും എക്യുമേനിക്കൽപാത്രിയ

---

(1) Quoted in *The Christian Churches of the East*, Vol. II, p. 8.

(2) അലക്സാൻഡ്രിയ, യരുസലം, ഗ്രീസ്, സൈപ്രസ് എന്നീ സഭകൾ ഇന്നും സാർവത്രികപാത്രിയക്കീസ് വെഞ്ചരിച്ച വിശുദ്ധതൈലമാണ് ഉപയോഗിക്കുക.

www.malankaralibrary.com



ക്കീസിനേ സാധിക്കൂ. 1923-ൽ കോൺസ്റ്റാൻറിനോപ്പിളി ലും 1930-ൽ അത്തോസ് ഗിരി (Mount Athos) ആശ്രമ ത്തിലും ഓരോ സാർവ്വത്രികസമ്മേളനം—അവ അത്ര ഫലപ്രദ മൊന്നമല്ലായിരുന്നു— നടത്തപ്പെട്ടിട്ടുണ്ട്.

## പരിശുദ്ധസിനഡും ഭരണക്രമവും

ഓർത്തഡോക്സ് പാത്രിയക്കീസുമാരെല്ലാം സഭാഭരണം നടത്തുന്നതു പരിശുദ്ധസിനഡ് എന്ന പറയപ്പെടുന്ന തിരു സ്സംഘംമുഖേനയാണ്. മെത്രാന്മാരുടെ ഈ സംഘത്തിൻെറ തലവൻ പാത്രിയക്കീസായിരിക്കും. രാഷ്ട്രത്തിൻെറ പ്രതി നിധികൾക്കും സിനഡിൽ സ്ഥാനമുണ്ട്. ഈ രാഷ്ട്രപ്രതി നിധികളുടെ സ്വാധീനശക്തി വർദ്ധിച്ചുവർദ്ധിച്ച്, ചില പ്പോൾ സിനഡുതന്നെ അവരുടെ നിയന്ത്രണത്തിലായിട്ടുണ്ട്.

## രൂപതാസിനഡ്

ഓർത്തഡോക്സ് മെത്രാന്മാരെല്ലാം അവരവരുടെ പാ ത്രിയക്കീസുമായി നേരിട്ടുതന്നെ ബന്ധം പുലർത്തുന്നു. മെത്രാ പ്പോലീത്തായുടെ നിയന്ത്രണത്തിലിരിക്കാൻ ഇന്ന് ഒരു മെ ത്രാനും ഇഷ്ടപ്പെടുന്നില്ല. മെത്രാനെ ഭരണത്തിൽ സഹായി ക്കാൻ രണ്ടു കൗൺസിലുകളുണ്ട്: ആദ്ധ്യാത്മികഭരണത്തിന് ഒരു വൈദികകൗൺസിലും ലൗകികഭരണത്തിന വൈദിക ന്മാരും അല്മായരുംചേർന്ന മററൊരു കൗൺസിലും (1). ഇ വ രണ്ടിനും പുറമെ ഒരു വികാരിജനറാളും ആലോചനാസ മിതിയും മെത്രാനെ സഹായിക്കുവാനുണ്ട്.

---

(1) സഭാസ്വത്തുക്കളുടെ ഭരണം നിർവ്വഹിക്കുന്നതു് എപ്പോഴും അല്മായപ്രതിനിധികളോ ഗവണ്മെൻറുദ്യോഗസ്ഥന്മാരോ ആയി രിക്കും

www.malankaralibrary.com



മാമ്മോദീസാ നല്കുന്ന വൈദികൻതന്നെ സ്ഥൈര്യലേപനവും നല്കുകയാണു പതിവ്. അതുകൊണ്ടു മെത്രാൻ സാധാരണമായി ഇടവകസന്ദർശനത്തിനു പോകാറില്ല.

## ഇടവകഭരണം

ഒന്നോ രണ്ടോ കൗൺസിലുകൾവഴിയാണ് ഇടവകഭരണം നടത്തുക. ഇടവകകൗൺസിൽ തനിച്ചോ ഇടവകയിലെ ജനങ്ങൾ ഒരുമിച്ചുകൂടിയോ ഒരു വൈദികനെ തങ്ങളുടെ ആദ്ധ്യാത്മികഭരണാധികാരിയായി തിരഞ്ഞെടുക്കുന്നു. പക്ഷേ, ആ വൈദികന് ഇടവകയുടെ ഭരണഭാരം ഏറെറടുക്കാൻ കഴിയണമെങ്കിൽ, മെത്രാൻ അദ്ദേഹത്തിൻെറ തിരഞ്ഞെടുപ്പ് അംഗീകരിച്ച് അദ്ദേഹത്തെ ഇടവകയിൽ നിയമനം നടത്തിയിരിക്കണം.

## വൈദികന്മാർ

ഭൂരിഭാഗം വൈദികന്മാരുടേയും ജീവിതനിലവാരം—സാമ്പത്തികവും ബുദ്ധിപരവുമായ നിലവാരം—വളരെ താഴ്ന്നതാണ്. മിക്കവൎക്കും സാമാന്യവിദ്യാഭ്യാസംപോലുമില്ല. ആകെക്കൂടി, ദൈവശാസ്ത്രത്തിലെ ചില പ്രാഥമികപാഠങ്ങളും അനുദിനജീവിതത്തിലെ ആരാധനാസമ്പ്രദായങ്ങളുംമാത്രമേ അവൎക്കറിവുള്ളു. വൈദികഗണത്തിൻെറ ഈ സ്ഥിതി ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ പരിതാപകരമാണ്. എല്ലാവരും തന്നെ വിവാഹിതരാണ്. ഒരു കുടുംബത്തിൻെറ ആവശ്യം നിൎവ്വഹിക്കാൻവേണ്ടത്ര വൈദികവൃത്തിയിൽനിന്നു ലഭിച്ചെന്നുവരില്ല. അതുകൊണ്ട്, ഉപജീവനത്തിന് അവൎക്കു കഠിനമായ ശരീരാധ്വാനം ചെയ്യേണ്ടിയിരിക്കുന്നു.

വൈദികന്മാരുടെ താഴ്ന്ന ജീവിതത്തോതുയൎത്തുവാൻ പല ശ്രമങ്ങളും ഇന്നു നടക്കുന്നുണ്ട്. ഗ്രീസിലും റുമേനിയാ

www.malankaralibrary.com



യിലും കോൺസ്റ്റാൻറിനോപ്പിളിലും മററു ചില സ്ഥലങ്ങളിലും ആധുനികരീതിയിലുള്ള വൈദികസെമിനാരികൾ തുടങ്ങിക്കഴിഞ്ഞു.

## അല്മായർ

ആംഗ്ലിക്കൻപണ്ഡിതനായ ഡോ. കിഡ് അഭിപ്രായപ്പെട്ടതുപോലെ, "അല്മായരുടെ ആദ്ധ്യാത്മികജീവിതം സജീവമായി പരിരക്ഷിക്കാൻ വൈദികന്മാർ കാര്യമായൊന്നും ശ്രദ്ധിക്കേണ്ടതില്ല. അത്രയ്ക്ക് അഗാധസ്പർശിയാണ് അവരുടെ ആദ്ധ്യാത്മികജീവിതം. എന്നാൽ, ഒരിക്കൽ ആദ്ധ്യാത്മികജീവിതം നശിച്ച ക്രൈസ്തവരിൽ അതു പുനരുജ്ജീവിപ്പിക്കാൻ സാധാരണഗതിയിൽ വൈദികന്മാർക്കും സാദ്ധ്യമല്ല."(1)

ഓർത്തഡോക്സ്ജനതയുടെ മതവും ജീവിതവും, വിശ്വാസവും ബാഹ്യാചാരവും തമ്മിൽ സുദൃഢമായ ബന്ധമുണ്ട്. എന്നാൽ, കൂദാശകളുടെ അടുക്കലടുക്കലുള്ള സ്വീകരണം ഈ ബാഹ്യാചാരങ്ങളിൽ ഉൾപ്പെടുകയില്ല. പരസ്യാരാധനകളിൽ, പ്രത്യേകിച്ചു ദിവ്യബലിയിൽ, വൈദികന്മാരോടൊപ്പം അല്മായരും സജീവമായി പങ്കെടുക്കുന്നു. ഓർത്തഡോക്സ്ദൈവാലയങ്ങളിൽ കത്തോലിക്കദൈവാലയങ്ങളിലെപ്പോലെ പ്രസംഗവേദികളില്ല. അവർക്കു പള്ളിപ്രസംഗങ്ങളേ ഇല്ലെന്നു പറയാം. ഈ കുറവിനെ എടുത്തുകാണിക്കുന്ന കത്തോലിക്കനു ലഭിക്കുന്ന തിരിച്ചടി ഇപ്രകാരമാണ്: "കത്തോലിക്കർക്കാണു ദൈവാലയപ്രസംഗങ്ങൾ ആവശ്യം. കാരണം, അവർ ദിവ്യബലിയിൽ സജീവമായി പങ്കെടുക്കുന്നില്ല."

---

(1) cf. ATTWATTER, *Op. Cit., p. 12.*

www.malankaralibrary.com



## സഭാസ്ഥാപനങ്ങൾ

കത്തോലിക്കരെപ്പോലെ മതപരവും പരോപകാരോദ്ദേശകവുമായ സ്ഥാപനങ്ങൾ കെട്ടിയുയർത്തുന്നതിൽ ഉൽസുകല്ല, ഓർത്തഡോക്സുകാർ. അവക്കു സ്വന്തമായി സ്കൂളുകൾ ഇല്ലെന്നുതന്നെ പറയാം. സ്കൂളുകളെല്ലാം ഗവൺമെൻറു് ഏറെറടുത്തിരിക്കുകയാണു്. ഓർത്തഡോക്സ് ജനതയ്ക്കു ഭൂരിപക്ഷമുള്ള സ്കൂളുകളിൽ അവരുടെ താൽപ്പര്യങ്ങളെ പരിരക്ഷിക്കാനെന്ന ഭാവത്തിൽ ഗവണ്മെണ്ടുതന്നെ മതബോധനം നല്കുന്നുണ്ടു്. എന്നാൽ, അധ്യാപകരിൽ നല്ലൊരു ശതമാനം അവിശ്വാസികളും അനാഗതരും നിരീശ്വരരുമാകയാൽ, സ്കൂളുകളിൽവച്ചു നല്കുന്ന മതബോധനം നിരുപയോഗമാണെന്നുമാത്രമല്ല ഉപദ്രവകാരികൂടിയാണു്. ഈ കുറവു പരിഹരിക്കുവാൻ ഉതകുമാറു്, അടുത്തകാലത്തു് അവിടവിടെയായി ചില ഓർത്തഡോക്സ് സെമിനാരികളും മതബോധനകേന്ദ്രങ്ങളും ഉയർന്നുവരുന്നുണ്ടു്.

## സന്യാസജീവിതം

അതിപുരാതനകാലംമുതൽ ഓർത്തഡോക്സ് സഭയിൽ സുപ്രസിദ്ധങ്ങളായ പല സന്യാസസഭകൾ നിലവിലുണ്ടു്. ഇന്നാണെങ്കിൽ, സന്യാസജീവിതത്തിലേയ്ക്കു ദൈവവിളി പൊതുവേ കുറവാണു്. എങ്കിലും ചാൾസിസ് പെനിൻസുലായിലെ (*) അത്തോസ് ഗിരി ആശ്രമം (Mount- Athos) ഇന്നും പുരാതനമായ അതിൻെറ പ്രശസ്തിയും പാരമ്പര്യവും അഭംഗുരം പുലർത്തിപ്പോരുന്നു. ഇവിടത്തെ പല സന്യാസികളും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിൽ ഉൽ

(*) ഗ്രീസിൻേറയും തുർക്കിയുടേയുമിടയ്ക്കു് ഈജിയൻഉൾക്കടലിലേയ്ക്കു് ഉന്തിനില്ക്കുന്ന ഒരു പർവ്വതപ്രദേശമാണു ചാൾസിസ്.

www.malankaralibrary.com



സുകരാണ്. പുനരൈക്യശ്രമങ്ങളിൽ അവർ കാര്യമായ ഭാഗഭാഗിത്വം വഹിക്കുന്നുമുണ്ട്. (1)

ഓരോ ആശ്രമത്തിനും അതിന്റേതായ ഭരണഘടനയുണ്ട്. സെൻറ് ബാസിലിന്റെ ആദ്ധ്യാത്മികഗ്രന്ഥങ്ങളിൽ നിന്നെടുത്ത ചില പ്രാഥമികതത്വങ്ങളും പരമ്പരാഗതമായ പല ആചാരങ്ങളുമാണ് ആശ്രമജീവിതത്തെ നിയന്ത്രിക്കുന്നത്. ആത്തോസ്ഗിരിയൊഴിച്ച് മററാശ്രമങ്ങളൊക്കെ സ്ഥലത്തെ മെത്രാന്റെകീഴിലാണ്.

രണ്ടുതരം സന്യാസികളുണ്ട് ഓർത്തഡോക്സ്സഭയിൽ: പൊതുജീവിതം നയിക്കുന്ന സാധാരണസന്യാസികളും സ്വകാര്യജീവിതം നയിക്കുന്ന ആത്തോസ്ഗിരിയിലെ സന്യാസികളും. പൊതുജീവിതം നയിക്കുന്നവർ തങ്ങളുടെ ശ്രേഷ്ഠന്റെകീഴിൽ ആശ്രമനിയമങ്ങളൊക്കെയനുസരിച്ച് ജീവിക്കുന്നു. ശ്രേഷ്ഠനെ തിരഞ്ഞെടുക്കുന്നതു സന്യാസിമാരെല്ലാവരുംകൂടിയാണ്. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം, സന്യാസസ്ഥിരത എന്നീ നാലു വ്രതങ്ങളാണ് അവർക്ക് അനുഷ്ഠിക്കുവാനുള്ളതു്. വ്രതവാഗ്ദാനംചെയ്യുന്നതു് ആശ്രമപ്രവേശനത്തിനുശേഷം പത്തുവർഷംകഴിഞ്ഞാണ്. ഇതിൽനിന്നു വ്യത്യസ്തമായ ജീവിതരീതിയാണു സ്വകാര്യജീവിതം നയിക്കുന്ന സന്യാസിമാരുടേതു്. അവർ തങ്ങളുടെ സ്വത്തുക്കൾ സ്വന്തമായി സൂക്ഷിക്കുന്നു. ഓരോരുത്തരും സ്വന്തമായി അദ്ധ്വാനിക്കുന്നു; അതിന്റെ ഫലമായി ഉപജീവനംകഴിക്കുന്നു. ചെറിയചെറിയ കൂട്ടങ്ങളായാണ് അവർ ജീവിക്കുക. ഓരോ കൂട്ടത്തിനും ഓരോ നേതാവുകാണും. ഒരു കൂട്ടത്തിലെ അംഗങ്ങൾ മറെറാരുകൂട്ടത്തിലേ അംഗങ്ങളോടു സംസാരിക്ക

---

(1) JOHN V. MCGUIRE, C. SS. R., *Mount Athos and Reunion with Rome, Catholic Digest, May, 1964.*

www.malankaralibrary.com



കയോ ആശയവിനിമയം ചെയ്യുകയോ പതിവില്ല. വിവിധ ഗ്രൂപ്പുകളുടെയെല്ലാം നേതാക്കന്മാർ ഒരുമിച്ചുകൂടി ആശ്രമത്തിന്റെ പൊതുവായ സാമൂഹ്യജീവിതത്തെ നിയന്ത്രിക്കുന്നു. ഈ ജീവിതരീതിയാണ് ആത്തോസ്ഗിരി ആശ്രമത്തിൽ നൂററാണ്ടുകളായി നിലവിലുള്ളതു്.

വ്യക്തിപരമായ വിശുദ്ധീകരണമാണു സന്യാസിമാരുടെ ജീവിതലക്ഷ്യം. അവരുടെ ജീവിതത്തിലേ അതിപ്രധാനമായ രണ്ടു ഘടകങ്ങളാണു പ്രാർത്ഥനയും കായികാദ്ധ്വാനവും. അതുപോലെ, അതികഠിനമായ ഉപവാസവും. വൈദികസ്ഥാനത്തെ അഭിലഷിക്കുന്നവർ നന്നേ ചുരുങ്ങും. ആരാധനക്രമങ്ങൾ നടത്താൻ ആവശ്യമായ വൈദികന്മാരേ അവർക്കുള്ളൂ. ആദ്യനൂററാണ്ടുകളിലേ മരുഭൂമിവാസികളായ താപസന്മാരെ അനുകരിക്കാനാണ് ഈ പൗരസ്ത്യസന്യാസിമാർ പരിശ്രമിക്കുന്നതു്. ആത്മവിശുദ്ധീകരണം ജീവിതലക്ഷ്യമാക്കി ആശ്രമങ്ങളിൽ ജീവിക്കുന്ന ഈ സന്യാസിമാരിൽ പലരും മികച്ച കലാപരമായ കഴിവുള്ളവരാണ്. കലകളിൽ വച്ച്, ചിത്രകലയിലാണ് അവരുടെ വൈദഗ്ധ്യം ഏറെ തെളിഞ്ഞുകാണുന്നതു്.

## ഓർത്തഡോക്സ്സഭയും കത്തോലിക്കാസഭയും

ഓർത്തഡോക്സുസഭയുടെ പൊതുവിവരങ്ങൾ, ഉത്ഭവം, വളർച്ച, ആധുനികസ്ഥിതി, റീത്ത്, പ്രത്യേകതകൾ എന്നിവയുടെ ഒരു രൂപരേഖയാണു നാം കണ്ടതു്. ഇനി, പുനരൈക്യത്തിലേയ്ക്കു വിരൽചൂണ്ടുന്ന താത്വികമായഭാഗങ്ങളിലേയ്ക്കു കടക്കാം.

ഓർത്തഡോക്സ്സഭയെ കത്തോലിക്കാസഭയിൽനിന്നു

www.malankaralibrary.com



വേറിട്ടുനിൽക്കുന്ന വിശ്വാസസംബന്ധമായ പ്രതിബന്ധങ്ങൾ നിസ്സാരങ്ങളാണ്. നൂററാണ്ടുകളായി വച്ചുപുലർത്തുന്ന പരസ്പരവിദ്വേഷവും മുൻവിധികളും അജ്ഞതയുമാണ് ഓർത്തഡോക്സ്സഭയെസ്സംബന്ധിച്ചിടത്തോളം പുനരൈക്യത്തിന്റെ വിലങ്ങുതടികൾ. "ലാററിൻ തെററുകളു"ടെ ഒരു നീണ്ട പട്ടികവേണമെങ്കിൽ, ഓർത്തഡോക്സ്കാർ നിരത്തിവയ്ക്കും. ഫോസിയസ് ഏഴു ലാററിൻ തെററുകൾ എടുത്തുകാട്ടി; അതിൽ മൂന്നെണ്ണമേ വിശ്വാസസ്പർശിയായുള്ളു. ചെരുലാരിയസ് ഇരുപത്തിരണ്ടു അബദ്ധങ്ങൾ കത്തോലിക്കാസഭയിൽ ആരോപിച്ചു. പന്ത്രണ്ടും പതിനഞ്ചും നൂററാണ്ടുകളിൽ ഈ അബദ്ധങ്ങളുടേയും തെററുകളുടേയും സംഖ്യ അറുപതിലധികമായി. അവയെല്ലാംതന്നെ തികച്ചും അപ്രധാനങ്ങളാണുതാനും.

ആദ്യത്തെ ഏഴു സൂനഹദോസുകളിൽ അധ്യവസാനം ചെയ്യപ്പെട്ട വിശ്വാസസത്യങ്ങൾ ഓർത്തഡോക്സ്സഭ അംഗീകരിക്കുന്നുണ്ട്.(*) ക്രിസ്ത്വബ്ദം 787-ൽ സമ്മേളിച്ച രണ്ടാം നിക്യാസൂനഹദോസാണ് അവയിൽ അവസാനത്തേത്. അതിനുശേഷം ഇന്നുവരെ ഓർത്തഡോക്സ്സഭയിൽ ഒരു സാർവ്വത്രികസൂനഹദോസ് നടന്നിട്ടില്ല. അതുകൊണ്ടു വിശ്വാസസത്യങ്ങൾ വ്യാഖ്യാനിക്കപ്പെടാതെ ഇന്നും അവ്യ

---

(*)For the compendions studies of Orthodox doctrine cf. A. PALMIERI, *Theologia Dogmatica Orthodoxa*, Florence, 1913.

M. JUGIE, *Theol. Dogmatica Chritianorum Orientalium ab Eccl. Cath. dissidentium*, 5 Vols, Paris, 1926-35.

M. GORDILLO, S. J., *Compendium Theologiae Orientalis*, Rome, 1950 and *Theologia Orientalium cum Latinorum Comparata*, Rome, 1960.

www.malankaralibrary.com


ക്തമായി അവശേഷിക്കുകയാണ്. ദൈവശാസ്ത്രത്തെസ്സംബന്ധിച്ചിടത്തോളം കത്തോലിക്കാസഭയെയപേക്ഷിച്ച് ഓർത്തഡോക്സ്സഭ പന്ത്രണ്ടുനൂററാണ്ടുകൾ പുറകിലാണെന്നു പറയാം. വേർപാടിനുശേഷം കത്തോലിക്കാസഭയിൽ വ്യാഖ്യാനിക്കുകയും നിർവ്വചിക്കുകയും ചെയ്ത വിശ്വാസസത്യങ്ങൾ ഓർത്തഡോക്സ്സഭ ഔദ്യോഗികമായി അംഗീകരിക്കുന്നില്ല. എങ്കിലും, ഈ വിശ്വാസസത്യങ്ങളിൽ പലതും ഓർത്തഡോക്സ്സഭയുടെ പരസ്യാരാധനാഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. അതിന്നർത്ഥം, അവ ഓർത്തഡോക്സ്കാർ പുരാതനകാലംമുതൽ വിശ്വസിച്ചുപോരുന്നവയാണെന്നാണ്. ഈ പരമാർത്ഥം ചില ദൈവശാസ്ത്രജ്ഞന്മാർ സമ്മതിച്ചിട്ടുണ്ട്. എന്നാൽ, കത്തോലിക്കാവിശ്വാസസത്യങ്ങളെ വെറും അബദ്ധങ്ങളെന്നു വിശേഷിപ്പിക്കാൻപോലും മടികാണിക്കാത്ത ദൈവശാസ്ത്രജ്ഞന്മാരും ഓർത്തഡോക്സ്സഭയിൽ ഇല്ലാതില്ല. ഓർത്തഡോക്സ്ദൈവശാസ്ത്രജ്ഞന്മാരുടെയിടയിലുള്ള അടിസ്ഥാനപരമായ അഭിപ്രായഭിന്നതയും അവരുടെ അവ്യക്തങ്ങളായ വിശ്വാസസംഹിതയും ഓർത്തഡോക്സ്ദൈവശാസ്ത്രത്തെപ്പററി സംശയമററ നിഗമനങ്ങളെടുക്കാൻ പ്രതിബന്ധങ്ങളായി നില്ക്കുന്നു. വിവാദവിഷയമായ ഈ വിശ്വാസസത്യങ്ങൾതന്നെയാണു പുനരൈക്യത്തിന്റെ താത്വികമായ പ്രതിബന്ധങ്ങൾ. അവ ഏതൊക്കെയാണെന്നു മനസ്സിലാക്കാനുള്ള എളുപ്പവഴി, ഓർത്തഡോക്സുകാർ കത്തോലിക്കരിൽ ആരോപിക്കുന്ന തെററുകൾ ഒന്നു പരിശോധിക്കുകയാണ്—അങ്ങനെ കണ്ടുപിടിച്ച ചില പ്രധാനപ്രതിബന്ധങ്ങളുടെ ഒരു രൂപരേഖയാണു താഴെ കൊടുത്തിരിക്കുന്നതു്.

www.malankaralibrary.com


i) സഭാശാസ്ത്രം: ഖോമിയാക്കോവിൻെറ അഭിപ്രായത്തിൽ, സഭയുടെ അന്ത:സത്തയെ മനസ്സിലാക്കാൻ ഓർത്തഡോക്സുകാർ അവലംബിക്കുന്ന രീതി കത്തോലിക്കരുടേതിൽനിന്നു തുലോം വ്യത്യസ്തമാണ്.

ii) പാപ്പായുടെ പരമാധികാരം: ഇതു് ഓർത്തഡോക്സുകാർ അംഗീകരിക്കുന്നില്ല.

iii) ശുദ്ധീകരണസ്ഥലം: ശുദ്ധീകരണസ്ഥലത്തെപ്പററി ഓർത്തഡോക്സുകാർതന്നെ ഭിന്നാഭിപ്രായക്കാരാണ്.

iv) അമലോത്ഭവം: ഗ്രീക്കപിതാക്കന്മാരും ഗ്രീക്കജനതയും അടിയുറച്ചു വിശ്വസിച്ചിരുന്നു, മാതാവിൻെറ അമലോത്ഭത്തിൽ. പക്ഷേ, അവരുടെ അഭിപ്രായമാരായാതെ കത്തോലിക്കസഭ 1854-ൽ അതൊരു വിശ്വാസസത്യമായി പ്രഖ്യാപിച്ചപ്പോൾ, അവർ ഈ സത്യത്തെ നിഷേധിക്കാൻ തുടങ്ങി.

v) എപ്പിക്ലേസിസ്: വി. കർബാനയിൽ വസ്തുമാററം (Transubstantiation) സംഭവിക്കുന്നതു് കൂദാശവചനങ്ങൾ ഉച്ചരിച്ചതിനുശേഷം പരിശുദ്ധാത്മാവിനെ വിളിച്ചുകൊണ്ടുള്ള ആഘോഷമായ പ്രാർത്ഥന (Epiclesis)യോടെ മാത്രമാണ്.

iv) ഫീലിയോക്വെ: പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്ന ലാററിൻപ്രയോഗം വിശ്വാസവിരുദ്ധമാണെന്നാണു് ഓർത്തഡോക്സുകാരുടെ ഒരാരോപണം.

## ഓർത്തഡോക്സ് ദൈവശാസ്ത്രത്തിലെ പുതിയ കാല്‌വയ്പുകൾ

പരമ്പരാഗതമായ ഓർത്തഡോക്സ് ദൈവശാസ്ത്രം ഇന്നത്തെ മാറിയ പരിത:സ്ഥിതികളിൽ വളരെയധികം പരിണാമവിധേയമായിട്ടുണ്ടു്. തത്വശാസ്ത്രത്തിൽ നവംനവങ്ങ

www.malankaralibrary.com



ളായ ആശയങ്ങൾ വികസിച്ചുവന്നതോടെ, ചിന്താശീല ന്മാരായ ദൈവശാസ്ത്രജ്ഞന്മാർ പുതിയപുതിയ പ്രമേയങ്ങ ളുമായി മുമ്പോട്ടുവരുവാൻ തുടങ്ങി. അവർ സനാതനമായ ക്രൈസ്തവവിശ്വാസത്തെ നവീനത്വം തുളുമ്പുന്ന ആശയ ങ്ങളിൽ ആവിഷ്കരിച്ചു. പഴയ പല പ്രശ്നങ്ങൾക്കും പു തിയ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. അങ്ങനെ ഈ പു ത്തൻചിന്താഗതിയിലൂടെ ലോകത്തിലെ ബുദ്ധിജീവികളു ടെയാകെ ശ്രദ്ധയെ ആകർഷിക്കുവാൻ അവർക്കു സാധിച്ചു. ദൈവവിജ്ഞാനീയത്തിലുണ്ടായ ഈ പുത്തൻപരിശ്രമങ്ങ ളിൽ ഏററം പ്രധാനമായതു സ്ലാവോഫൈൽസഭാശാസ്ത്ര മാണ്(1).

## സ്ലാവോഫൈൽസഭാശാസ്ത്രം
(Slavophile Ecclesiology)

പത്തൊൻപതാംനൂററാണ്ടിൽ ജർമ്മനിയിൽ വളർന്നു വികസിച്ച തത്വചിന്താപ്രസ്ഥാനം റഷ്യൻജനതയിലും വ ളരെ സ്വാധീനശക്തി ചെലുത്തി. ഇതിന്റെ ഫലമായി സ്ലാ വോഫിസം എന്ന പേരിൽ പുതിയൊരു ദേശീയബോധം തന്നെ നാട്ടിലാകെ ഉയിർക്കൊണ്ടു. എ. എസ്സ്. ഖോമിയാ ക്കോഫ് (A. S. Khomiakov, 1804—1860) ആയിരുന്നു ഈ പുതിയപ്രസ്ഥാനത്തിന്റെ നേതാവ്. റഷ്യൻദൈവവി ജ്ഞാനത്തിന്റെ പിതാവെന്ന പേരിലാണദ്ദേഹം അറിയ പ്പെടുക. വളരെ അഗാധസ്പർശിയായിരുന്നു അദ്ദേഹത്തി ന്റെ സ്വാധീനശക്തി. ആധുനികഓർത്തഡോക്സ് ദൈവ ശാസ്ത്രജ്ഞന്മാരിൽ ഒട്ടുമുക്കാലും ഖോമിയാക്കോവിന്റെ പഠ നങ്ങളെയാണു പിന്തുടരുക.

---

(1) cf. POLO SUILLEABHAIN, *The Eastern Churches*, Christian Unity, The Furrow Trust, Maynooth (1962) 50—56.

www.malankaralibrary.com



ഖോമിയാക്കോവിൻെറ സിദ്ധാന്തങ്ങൾ രൂപംകൊണ്ട വിഖ്യാതചിന്തകന്മാരായ ഹേഗലും ഷെല്ലിംഗും മെഹ്ലും വാർത്തുവച്ച വിജ്ഞാനമൂശകളിലാണ്. ഹേഗൽ ആവിഷ്കരിച്ച തീസിസ്, ആൻറിതീസിസ്, സിന്തിസിസ് രൂപത്തിലുള്ള ചിന്താരീതിയെ അതേപടി ഖോമിയാക്കോവ് ദൈവവിജ്ഞാനത്തിലേയ്ക്ക് പകർത്തി. അദ്ദേഹത്തിൻെറ സിദ്ധാന്തത്തിൻെറ ഏതാണ്ടൊരു രൂപരേഖ ഇപ്രകാരമാണ്:

സഭാചരിത്രഗതിയിൽ കത്തോലിക്കാസഭ ഒരു പ്രമേയ (Thesis) മായി പരിണമിച്ചു. അവിടെ ഐക്യമുണ്ട്; പക്ഷേ, സ്വാതന്ത്ര്യമില്ല. അസ്വതന്ത്രരായ ആളുകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അന്തർദാഹത്തിൽനിന്ന് അവിടെയൊരു എതിർപ്രമേയം ഉൽപന്നമാകുന്നു. ആ ആൻറിതീസിസ് (Antithesis) ആണ് പ്രോട്ടസ്റ്റൻറുസഭ. അവിടെ സ്വാതന്ത്ര്യമുണ്ട്; പക്ഷേ, ഐക്യമില്ല. സ്വാഭാവികമായി ഇതിനൊരു സംഗ്രഥനം (Synthesis) ആവശ്യമാണ്. അതാണ് ആധുനികഓർത്തഡോക്സ് സഭ. അവിടെ ഐക്യവുമുണ്ട്; സ്വാതന്ത്ര്യവുമുണ്ട് — പരസ്പരസ്നേഹത്തിൽ കെട്ടിപ്പടുത്ത ഐക്യവും സ്വാതന്ത്ര്യവും.

സ്നേഹം: ദൈവസ്നേഹവും പരസ്നേഹവും—അതാണ് ഖോമിയാക്കോവിൻെറ സിന്താന്തങ്ങളുടെയെല്ലാം മൗലികതത്വം. സ്നേഹംതന്നെയാണ്, അറിവിൻേറയും സത്യത്തിൻേറയും വിശുദ്ധിയുടേയും അധികാരത്തിൻേറയും ഐക്യത്തിൻേറയുമെല്ലാം ഉറവിടം. അദ്ദേഹം ബാഹ്യമായ എല്ലാ അധികാരങ്ങൾക്കുമെതിരാണ്. അധികാരം വെറും യുക്തിവാദമാണ്; അതു മനുഷ്യനെ അടിമത്തത്തിലേയ്ക്ക് വലിച്ചിഴയ്ക്കും. പഠിപ്പിക്കുന്ന സഭ എന്നൊന്നു സഭയിൽതന്നെ വേറിട്ടുനില്ക്കുക സാദ്ധ്യമല്ല; വിശ്വാസികളും വിശ്വാസം പഠിപ്പിക്കുന്നവരും എന്നൊരു വേർതിരിവു കല്പിക്കുന്നതു വക

www.malankaralibrary.com


തിരിവില്ലായ്മയാണ്. അത്തരമൊരു വ്യതിരിക്തത സഭയുടെ സ്വാതന്ത്ര്യമായ ഐക്യത്തേയും സജീവമായ വിശ്വാസത്തേയും നശിപ്പിച്ചുകളയും. ദൈവംമാത്രമാണ് വിശ്വാസികളെ വ്യക്തിപരമായും സാമൂഹികമായും പഠിപ്പിക്കുന്നതു്. സാർവത്രികസഭയുടെ വിശ്വാസം സംഘടിതമായിരിക്കുന്നതു സഭാംഗങ്ങളുടെ വിശ്വാസൈക്യത്തിലാണ്. ജീവിക്കുന്ന ഒരു ശരീരമാണ് സഭ. അതിനെ നിർവചിക്കുവാൻ ആർക്കും സാദ്ധ്യമല്ല; കാരണം, സഭ ഒരാശയത്തിന്റെ അതിരുകൾക്കുള്ളിൽ ഒതുങ്ങിനില്ക്കുകയില്ല. സഭാജീവിതത്തിൽ മെത്രാന്മാർക്കും വളരെ പ്രധാനമായ ഒരു പങ്കുണ്ടു്. അവർവഴിയാണ് സഭ അതിന്റെ ദിവ്യസ്ഥാപകനുമായി ബന്ധിക്കപ്പെട്ടിരിക്കുന്നതു് എന്നതുകൊണ്ടു്. എന്നാൽ യഥാർത്ഥമായ സാർവത്രികതയുടെ അടിസ്ഥാനതത്വം ബാഹ്യമായ അധികാരമല്ല, ആന്തരികമായ യോജിപ്പാണ്.

ഖോമിയാക്കോവിന്റെയഭിപ്രായത്തിൽ കത്തോലിക്കസഭ ഒരു വലിയ പാപംചെയ്തു—സഹോദരസ്നേഹത്തിനെതിരായ പാപം. ആ പാപമാണ് "ഫീലിയോക്വെ" എന്ന വാക്ക് വിശ്വാസപ്രമാണത്തിൽ കൂട്ടിച്ചേർത്തതു്. അതുതന്നെയാണ് ആദ്യത്തെ "പാഷണ്ഡത"യും "ആന്തരികമായ സഹോദരഹത്യ"യും. അന്നുമുതൽ സ്നേഹത്തിന്റെ അപ്രമാദിത്വത്തിന്റെ സ്ഥാനത്തു മാർപ്പാപ്പയുടെ അപ്രമാദിത്വം പ്രതിഷ്ഠമായി. അങ്ങനെ, കത്തോലിക്കസഭ സ്വാതന്ത്ര്യത്തിലും സ്നേഹത്തിലും അടിയുറച്ച ക്രൈസ്തവൈക്യത്തോടു വഞ്ചന കാണിച്ചു.

## ഖോമിയാക്കോവിനു മറുപടി

ഓർത്തഡോക്സ് സഹോദരങ്ങളുടെ ഉള്ളിന്റെയുള്ളിൽ ഉറങ്ങുകിടപ്പുണ്ടു്, മുൻപ്രസ്താവിച്ചപോലുള്ള നുറുനൂറാശയങ്ങൾ. അവയിലേയ്ക്കു വെളിച്ചംവീശുവാനുതകുന്നവയാ

www.malankaralibrary.com



ണ് ഖോമിയാക്കോവിന്റെ നിഗമനങ്ങൾ. അദ്ദേഹം ഓർത്തഡോക്സ് സഭയിലെ നലംതികഞ്ഞ ദൈവശാസ്ത്രജ്ഞനും സഭാസമർത്ഥകനുമായിരുന്നു. പക്ഷേ കത്തോലിക്കാസഭയെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന അറിവു വളരെ പരിമിതമായിരുന്നു; വികലവുമായിരുന്നു. കത്തോലിക്കാതത്വങ്ങളെ അടുത്തറിയാനോ അവയുടെ അഗാധതലങ്ങളിലേയ്ക്കിറങ്ങിച്ചെല്ലാനോ അദ്ദേഹത്തിനു സാധിച്ചില്ല. കത്തോലിക്കാസഭയ്ക്കെതിരായി അദ്ദേഹം മുഴക്കിയ ആരോപണങ്ങളധികവും അജ്ഞതാജന്യങ്ങളാണ്; സഭയോട് അദ്ദേഹം ചെയ്ത യുദ്ധം വെറും നിഴൽയുദ്ധവും.

യുക്തിവാദത്തിന്റെ ചുഴിക്കത്തിൽപ്പെട്ടു ചുററിത്തിരിയുകയായിരുന്നു ഖോമിയാക്കോവിന്റെ സമകാലികന്മാർ. ഈ ദു:സ്ഥിതിക്കു ജീവനും വിശ്വാസവുമുൾക്കൊള്ളുന്നൊരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. സഭയെ ആശയവൽക്കരിച്ചു മനസ്സിലാക്കുന്നതിലാണ് അദ്ദേഹം ശ്രദ്ധിച്ചതു്. ഈ ശ്രമം വിജയകരമായി അദ്ദേഹത്തിനു തോന്നി. അതുകൊണ്ടു യുക്തിവാദത്തിനു പ്രതിവിധിയായി ഈ ആശയവൽക്കരണം അദ്ദേഹം പ്രയോഗിക്കുകയും ചെയ്തു. അവിടെ ക്രിസ്തുവിനോടും സഹോദരങ്ങളോടും ഐക്യപ്പെട്ടുകൊണ്ടു മനുഷ്യൻ ശക്തിയാർജ്ജിക്കുന്നു; അവിടെ വ്യക്തിപരമായ അസ്തിത്വത്തിന്റെ മാലിന്യവും പാപ്പരത്തവും ദൈവസ്നേഹത്തിന്റേയും സഹോദരസ്നേഹത്തിന്റേയും സാമീപ്യത്താൽ മഹത്വീകരിക്കപ്പെടുന്നു.

## സോബർനോസ്റ്റ് (Sobornost)

കത്തോലിസിററി (സാർവത്രികത്വം) എന്ന പദത്തിനു സ്ലാവ് വിശ്വാസപ്രമാണത്തിൽ ഉപയോഗിച്ച വാക്ക് സോബർനോസ്റ്റ് എന്നാണ്. എന്നാൽ ആ വാക്ക്, കത്തോലിസിററിയിൽ അന്തർലീനമായിരിക്കുന്ന അർത്ഥമെല്ലാം

www.malankaralibrary.com



ഉൾക്കൊള്ളുന്നില്ല. ഒരു മനോഭാവമെന്നേ ആ വാക്കിന്നർത്ഥമുള്ളു(1). ഓർത്തഡോക്സ് സഭകളുടെയിടയിൽ ബാഹ്യമായ ഐക്യമില്ല, ആന്തരികമായ വെറും ഐക്യമനോഭാവംമാത്രമേയുള്ളു എന്നതിന്റെ അടിസ്ഥാനപരമായ കാരണം, കത്തോലിസിററിക്ക പകരം സോബർനോസ്റ്റ് എന്ന പദം സ്വീകരിച്ചതാവാം. സഭയുടെ ഘടനയെസ്സംബന്ധിച്ച് സോബർനോസ്ററുസിദ്ധാന്തം അവതരിപ്പിച്ചതല്ലാതെ ഖോമിയാക്കോവ് ആ തത്വം വികസിപ്പിച്ചില്ല. ഈ സിദ്ധാന്തത്തെ വികസ്വരമാക്കിയതു്, ആധുനിക ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞനായ സെർജിബുൾഗാക്കോഫ് ആണു്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, സോബർനോസ്റ്റാണു് വിശ്വാസത്തിന്റെ കാതൽ. വിശ്വാസികളുടെ സമൂഹമാണു സത്യത്തെ പ്രകാശിപ്പിക്കുന്നതു്. കൂടാതെ, സോബർനോസ്റ്റിന്റെ ചൈതന്യം കുടികൊള്ളുന്ന ഏതു വ്യക്തിക്കും സത്യത്തെ പ്രകാശിപ്പിക്കാൻ സാധിക്കും. അതുകൊണ്ടു് ഒരദ്ധ്യാപകസമിതി (Magisterium) സഭയിലധികപ്പററാണു്(*).

## ജി. ഫ്ളോരോവ്സ്കി

ഇന്നത്തെ പ്രശസ്ത റഷ്യൻദൈവശാസ്ത്രജ്ഞനായ ജി. ഫ്ളോരോവ്സ്കിയും ഖോമിയാക്കോവിന്റെ രീതിതന്നെയാണു് അവലംബിക്കുന്നതു്. സഭ അനിർവചനീയമാണു്. അ

(1) Cf. M. JUGIE, *Theologia Orientalis*, 4, 565-72.

(*) മി. ആൻറൺ കാർട്ടാഷോഫ്, ഫാ. നിക്കോളസ് അഫനാസിയെഫ്, ഫാ. ഷ്മീമാൻ തുടങ്ങിയ പ്രസിദ്ധ ദൈവശാസ്ത്രജ്ഞന്മാർ മാർപ്പാപ്പയുടെ പരമാധികാരത്തെപ്പററിയും സഭകളുടെ പുനരൈക്യത്തെപ്പററിയും വളരെയെഴുതിയിട്ടുണ്ടു്. അവരുടെ കാഴ്ചപ്പാടുകളുടെ ഒരേകദേശരൂപത്തിനു് cf. PAUL MAILLEUX, S. J., *Eastern Churches and Primacy*, Problems Before Unity, Helicon Press, Baltimore-Dublin, 1962. P. 46-57.

www.malankaralibrary.com


താണ് സഭയുടെ ജീവത്വത്തിന്റെ ഏററം വലിയ തെളിവ്. സഭയെപ്പററി ഒരാശയം രൂപപ്പെടുത്താൻ ആർക്കും കഴിവില്ല; എന്നാൽ, സഭയുണ്ടു്.

എങ്കിലും ബുൾഗാക്കോഫിന്റെ അഭിപ്രായത്തോടു ഫ്ളോരോവ്സ്കി പൂർണ്ണമായി യോജിക്കുന്നെന്നു പറഞ്ഞുകൂടാ. സത്യം പ്രകാശിപ്പിക്കാൻ ഏതൊരുവ്യക്തിക്കും കഴിവുണ്ടെന്നു പറയുക ശരിയല്ലെന്നാണു ഫ്ളോരോവ്സ്കിയുടെ മതം. അതുപോലെ, സത്യപ്രകാശനത്തിന് വിശ്വാസികളുടെ സമൂഹത്തിന്റെ സമ്മതംമാത്രംമതി എന്നു പറയുന്നതും ശരിയല്ല. പാരമ്പര്യത്തിലാണു സത്യം. സാർവത്രികസൂനഹദോസുകളിൽ പാരമ്പര്യത്തിന്റെ വ്യക്തമായ സ്വരം മുഴങ്ങിക്കേൾക്കാം. എന്നാൽ, സാർവ്വത്രികസൂനഹദോസ്മാത്രമല്ല പാരമ്പര്യത്തിന്റെ പ്രകാശനമാർഗ്ഗം. സഭാപിതാക്കന്മാരുടേയും സാർവ്വത്രികസഭയിലെ പണ്ഡിതന്മാരുടേയും സത്യത്തിന്റെ ദൃക്സാക്ഷികളുടേയും ലിഖിതങ്ങളിൽ സഭാപാരമ്പര്യം സ്പഷ്ടമായി ദർശിക്കാം. സത്യത്തെ പ്രകാശിപ്പിക്കാൻ അവർക്കു സാർവത്രികസമ്മതമൊന്നും ആവശ്യമില്ല. നമ്മൾ യഥാർത്ഥ ഓർത്തഡോക്സ്കാരും യഥാർത്ഥകത്തോലിക്കരും ആകണമെങ്കിൽ പിതാക്കന്മാരുടെ വിശ്വാസത്തിലേയ്ക്കു മടങ്ങിച്ചെല്ലണം.

ചിലപ്പോഴെല്ലാം ഫ്ളോരോവ്സ്കി കത്തോലിക്കനിലപാടിനോടു വളരെയടുത്തുവരുന്നുണ്ടു്. സാർവത്രികസഭയുടെ അദ്ധ്യാപകസമിതിയെന്നനിലയിൽ മെത്രാന്മാർക്കുള്ള അധികാരത്തെ അദ്ദേഹം അംഗീകരിച്ചുകൊടുക്കുന്നു. പാരമ്പര്യംവഴി ക്രിസ്തുവിൽനിന്നു് അദ്ധ്യാപനാധികാരം സ്വീകരിച്ചവരാണു് മെത്രാന്മാർ. അവരാണു് സഭയ്ക്കുള്ളിൽ വിശ്വാസത്തെ വേണ്ടപോലെ വ്യാഖ്യാനിച്ചുകൊടുക്കേണ്ടതു്. മെ

www.malankaralibrary.com



ത്രാൻ തന്റെ കീഴിലുള്ള വിശ്വാസികളുടെ പ്രതിനിധിയും അവരുടെ വിശ്വാസത്തിന്റെ സംഗ്രഹവുമാണ്.

മററ് ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞന്മാരെയപേക്ഷിച്ച്, രണ്ടാംവത്തിക്കാൻസൂനഹദോസിനെപ്പററി തികഞ്ഞ ശുഭാപ്തിവിശ്വാസിയാണ് ഫ്ളോരോവ്സ്കി. 1959 ജനവരി 25-ാംതീയതി ജോൺമാർപ്പാപ്പാ സൂനഹദോസ് പ്രഖ്യാപിച്ചപ്പോൾ ഫ്ളോരോവ്സ്കി തന്റെ അഭിലാഷങ്ങൾ പ്രകടിപ്പിച്ചു. പുതിയ കൗൺസിൽ ഒന്നാംവത്തിക്കാൻസൂനഹദോസിന്റെ വിഷയത്തിലേയ്ക്കുതിരിച്ചുവരണം. അന്നു പ്രഖ്യാപിക്കപ്പെട്ട വിശ്വാസസത്യത്തിന്റെ ഔദ്യോഗികമായ വിശദീകരണം തരണം. സഭയെസ്സംബന്ധിച്ചിടത്തോളം വിപുലതരമായ സാഹചര്യത്തിൽവേണം പ്രസ്തുത അധ്യാപനത്തെ പരാമർശിക്കുക. ഒന്നാംവത്തിക്കാൻ സൂനഹദോസ് സഭാഭരണഘടനയുടെ ഒരു ഖണ്ഡികമാത്രമേ നിർവ്വചിച്ചുള്ളു. ആ ഒററ ഖണ്ഡികയാകട്ടെ, അതുൾക്കൊണ്ടിരുന്ന ഭാഗത്തുനിന്നും സാഹചര്യത്തിൽനിന്നും വേർപെടുത്തിയെടുത്തതുകൊണ്ടു ഗ്രഹിക്കാൻ പ്രയാസമായിത്തീർന്നു. ഈ സൂനഹദോസ് സഭയുടെ സ്വഭാവത്തെസ്സംബന്ധിച്ച പഠനങ്ങളെ കൂടുതൽ വിപുലമാക്കണം. കത്തോലിക്കാസഭയ്ക്കകത്തും പുറത്തുമുള്ള ദൈവവിജ്ഞാനത്തെ വളർത്തിക്കൊണ്ടുവരാനും വിശുദ്ധഗ്രന്ഥത്തെസ്സംബന്ധിക്കുന്ന പഠനങ്ങൾ കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും ഊർജ്ജിതപ്പെടുത്താനും കൗൺസിൽ ശ്രദ്ധചെലുത്തുമെന്നദ്ദേഹം ആശ പ്രകടിപ്പിച്ചു. അദ്ദേഹം തുടർന്നു: സുനിശ്ചിതമായ ഐക്യത്തിന്റെ സാഹചര്യം കൈവന്നിട്ടില്ലെങ്കിലും പുതിയതും അർത്ഥവത്തുമായ ഒരു സാർവത്രികവസ്തുതയാണു കൗൺസിൽ. അതു മഹത്തായൊരു സംഭവമാണ്.

www.malankaralibrary.com

# സഭകളുടെ ഐക്യം ഓർത്തഡോക്സ് വീക്ഷണത്തിൽ

സഭകളുടെ ഐക്യമെന്നു പറയുമ്പോൾ ഓർത്തഡോക്സ്കാർ മനസ്സിലാക്കുക വിശ്വാസത്തിൽ ഐകരൂപ്യമുള്ള സ്വതന്ത്രദേശീയസഭകളുടെ ആന്തരികൈക്യമാണ്. വിഭിന്നവ്യക്തികൾ പരസ്പരധാരണയിലൂടെമാത്രം സ്ഥാപിക്കുന്ന ഒരുതരം ഐക്യം. ഇന്ന് ഓർത്തഡോക്സ് സഭകളുടെയിടയിൽ നിലവിലുള്ള ഐക്യവും ഇതുതന്നെ. അല്ലാതെ, ഒരു ദൃശ്യതലവന്റെ കീഴിൽ സംഘടിതവ്യൂഹമായി പ്രവർത്തിക്കുന്ന ഏകദൃശ്യസഭാശരീരമല്ല, അവരുടേത്. ഐക്യം എന്ന യർത്ഥത്തിൽ ഉപയോഗിക്കാറുള്ള യൂണിററി, യൂണിയൻ എന്നീ പദങ്ങൾകൊണ്ടു ഓർത്തഡോക്സ്കാർ എന്താണു മനസ്സിലാക്കുകയെന്ന് അടുത്തകാലത്ത് "ഈസ്റ്റേൺ ചർച്ചസ് ക്വാട്ടേർലി'' എന്ന മാസികയിൽ ചേർത്തിരുന്ന ഒരു ലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ടു്. ഓർത്തഡോക്സ്കാർ ആവശ്യപ്പെടുന്നതു യൂണിററിയാണ്, യൂണിയനല്ല. സഭയുടെ ഏകതലവനായ ക്രിസ്തുവിലും സഭയുടെ ജീവദാതാവായ പരിശുദ്ധാത്മാവിലും ഏകമാമ്മോദീസായിലും ഏകപരിശുദ്ധ കുർബാനയിലും ഏകക്രൈസ്തവമതത്തിന്റെ അനുഭവത്തിലും മനുഷ്യരക്ഷ പ്രാപിക്കുകയെന്ന ഏകാന്ത്യത്തിലുമാണ് യൂണിററി അന്തർലീനമായിരിക്കുന്നതു്(1). ഈ ഐക്യസിദ്ധാന്തം സ്ലാവോഫൈൽസഭാശാസ്ത്രത്തിന്റെയൊരു പരിണാമമാണ്. സഭയുടെ ദൃശ്യാംശത്തേയും ഭരണാധികാരത്തേയും നിഷേധിക്കുകയാണെങ്കിൽ, സഭയൊരു ദൃശ്യസമൂഹമാണെന്ന പാരമ്പര്യവിശ്വാസം ചോദ്യം ചെയ്യപ്പെടും. ആരാധനാപരവും കൂദാശാപരവുമായ ആശയത്തിനുവേണ്ടി അധികാരം, അനുസരണം, സഭകൾക്കിടയിലുള്ള ദൃശ്യബന്ധം എന്നിവ ബലികഴിക്കപ്പെടും.

(ശേഷം കവർ രണ്ടാംപേജിൽ)

(1) cf. CHRISOSTOMOS KONSTANTINIDIS, *The Orthodox Church and Christian Unity*, XV (1964) I

www.malankaralibrary.com

Reg. No. K. 72

S. H. LEAGUE Lic. No. 227

## ഗ്രന്ഥസമീക്ഷ

# വ്യാകരണസാഹ്യം

ഗ്രന്ഥകർത്താ: ഫാ. ജോൺ കുന്നപ്പള്ളി

കൈരളിക്കു് ഇതാ ഒരു തിരുമുല്ക്കാഴ്ച—'വ്യാകരണസാഹ്യം'. മലയാളവും സംസ്കൃതവും തമ്മിൽ അവഗാഢമായ ബന്ധം പുലർത്തുന്നു — സാഹിത്യപരമായിമാത്രമല്ല വ്യാകരണപരമായും. തെറ്റുകൂടാതെ മലയാളമെഴുതുവാൻ സംസ്കൃതവ്യാകരണത്തിൽ സാമാന്യജ്ഞാനം അപരിത്യാജ്യമാണു്. പക്ഷേ, സംസ്കൃതം പഠിച്ചവർക്കേ മലയാളമെഴുതാനാവൂ എന്നുവരിക ശോചനീയംതന്നെ. ഈ പോരായ്മ നികത്താൻ തികച്ചും പര്യാപ്തമാണു് ഉഭയഭാഷാപാണ്ഡിത്യവും അനേകസംവത്സരത്തെ അധ്യാപനപരിചയസമ്പത്തുമുള്ള വിദ്വാൻ ഫാ. കുന്നപ്പള്ളി രചിച്ച 'സംസ്കൃതമലയാള'വ്യാകരണം. ഇത്ര ലളിതവും സമഗ്രവും സർവംസ്പർശിയുമായ ഒരു വ്യാകരണസാഹ്യം മലയാളത്തിൽ ഉണ്ടായിട്ടേ ഇല്ല. ഈ പുസ്തകംവഴി ഭാഷയിലെ അപശബ്ദമൃഗങ്ങളെയെല്ലാം വംശവിച്ഛേദംചെയ്യും, മഹാപണ്ഡിതനായ ഈ വ്യാകരണസിംഹം. കേരളത്തിലെ അപൂർവ്വംചില പണ്ഡിതന്മാർക്കുമാത്രം വിലയിരുത്താനാവുന്ന ഈ ഗ്രന്ഥം അടുത്ത ഫെബ്രുവരിയിൽ പ്രസിദ്ധീകരിക്കും. ഗ്രന്ഥകർത്താവിന് അനുമോദനങ്ങൾ. ഇനിയും അനേകഗ്രന്ഥങ്ങൾ രചിച്ചു് അദ്ദേഹം ഭാഷയെ അനുഗ്രഹിക്കട്ടെ.

By O.

ആവശ്യപ്പെടുക:

General Secretary,
S. H. League, Alwaye—3.